His Grace's body was placed, still in the seated posture, in an underground vault, beneath the sanctuary. The face was covered with a delicate, white silk veil. The body was anointed with olive oil. The vault was filled with incense and perfumes so as to cover the entire body. Finally, the opening into the vault was closed and sealed with cement. Thus ended the great Archbishop's last journey.

The crowd left the cathedral reluctantly; they could hardly tear themselves away from the precious remains of him, whom they still loved and revered. As they left, they all breathed a prayer to God,

"REQUIESCAT IN PACE,"
—MAY HE REST IN PEACE."

It is difficult for me, even now, to believe that His Grace Mar Ivanios is dead. When I saw him alive for the last time, albeit his body was thin and frail and emaciated, his voice and mind were as virile as ever, and I fondly hoped he would remain among us for many more years to come.

I shall always carry with myself a vivid memory of that day when His Grace, by his presence, graced the occasion of the reception accorded to his spiritual son and able Auxiliary, His Lordship the Rt. Rev. Benedict Mar

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

Gregorios, O. I. C., M. A., D. D., Ph. L., at the Mar Ivanios College. On that occasion, it seemed to me, His Grace, with his penetrating, compassionate eyes, flowing beard and long priestly robes, resembled some prophet of God. In spite of his growing weakness and infirmities, His Grace was very particular about being present on this occasion. He was anxious to see once again the college, which he loved as the apple of his eye, and to which he had bequeathed his name.

Our dear Alma Mater has suffered an irreparable loss in the death of His Grace. But as long as the college exists —and may it be till the end of time—the students who shall have the great good fortune of studying within its walls, will remember. with love and gratitude, the name of him, without whose foresight and generosity, it would not have come into being. Years hence, the students of the Mar Ivanios Catholic University will bless his name. Decades, centuries, milleniums hence, newer and newer generations of students will praise his name, and give thanks to God for having inspired him to bring into being so wonderful an educational institution as theirs.

---

Have had a kindness shown?
Pass it on;
'Twas not given for thee alone,
Pass it on;
Let it travel down the years,
Let it wipe another's tears,
'Til in Heaven the deed appears—
Pass it on.

*Rev. Henry Burton—Pass It On.*

* * * * * *

Property of manners and consideration for others are the two main characteristics of a gentleman. *Disraeli.*

The manner of your speaking is full as important as the matter, as more people have years to be tickled than understandings to judge. *Chesterfield.*

Nothing is more to me than myself. *Stirner—The Ego and His Own.*

* * * * * * * *

Early to bed and early to rise,
Makes a man healthy, wealthy and wise.

*Franklin—Poor Richard's Almanac.*



MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# FUNERAL AND BURIAL
## OF THE LATE ARCHBISHOP



1. SITTING IN STATE. 2. AMONG PRELATES OF MALABAR. 3. PROCESSION. 4. BURIAL.

# THE ORIENTAL SECTIONS.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# പ്രസ്താവന

"ഉണ്ണിക്കിടാങ്ങൾ പിഴച്ചു കാൽവയ്ക്കിലും
കണ്ണിനു കൗതുകമുണ്ടാം പിതാക്കൾക്കു"

എന്നാണല്ലോ അഭിജ്ഞവചനം. അതു തന്നെയാണു് ഈ പിഞ്ചുമാസികയുടെ ചേഷ്ടിതങ്ങളെക്കുറിച്ചും ഞങ്ങൾക്കു പറയുവാനുള്ളതു്. ഇവൾക്കു് അഞ്ചു വയസ്സേ ആയിട്ടുള്ളു. ഇവളുടെ കാൽവെയ്പിലും കളസ്വനത്തിലും പോരായ്മകൾ ഉണ്ടായിരിക്കാം. എങ്കിലും അതെല്ലാം ഗുരുജനങ്ങൾ ക്ഷമിക്കാതിരിക്കുകയില്ല. എന്തുകൊണ്ടെന്നാൽ ഭാവശുദ്ധയായ ഇവൾ സകല സചേതസ്സുകളുടേയും വാത്സല്യം അർഹിക്കുന്നുണ്ടു്.

കുസുമകോരകങ്ങളും, അപക്വഫലങ്ങളുമാണു് ഞങ്ങൾ സഹൃദയസമക്ഷം സമർപ്പിക്കുന്നതെന്നുള്ള വസ്തുത വിസ്മരിക്കുന്നില്ല. എങ്കിലും മുകുളിതാവസ്ഥയിൽ ഇരിക്കുന്ന പ്രതിഭാശക്തികളെ വികസിപ്പിക്കാനും വളർത്താനും അവ പ്രയോജകീഭവിക്കുമെന്നുള്ളതാണു് ഞങ്ങളുടെ സമാധാനം.

സരസങ്ങളും സാരഗർഭങ്ങളും ആയ ലേഖനങ്ങൾ ചേർക്കാൻ ഇത്തവണയും ഞങ്ങൾ ശ്രമിച്ചിട്ടുണ്ടു്. അവ എത്രകണ്ടു ഫലിച്ചിട്ടുണ്ടെന്നു വിധിക്കേണ്ടതു് നിർമ്മത്സരരായ അനുവാചകരാണല്ലോ. എന്നിരുന്നാലും, രസിക്കാനും ചിന്തിക്കാനും ഉള്ള വക കുറെയെങ്കിലും ഇതിൽ ഉണ്ടെന്നുതന്നെയാണു് ഞങ്ങളുടെ വിശ്വാസം.

ഉത്തമ ലേഖനങ്ങളിൽ ചിലതു മാററിവയ്ക്കുന്നതിനു ഞങ്ങൾ നിർബ്ബദ്ധരായിട്ടുണ്ടു്. അതിനു കാരണം സ്ഥലത്തിന്റെയും സമയത്തിന്റെയും പരിമിതിയാണു്. അങ്ങനെ ചില സുഹൃത്തുക്കളെ നിരാശപ്പെടുത്തേണ്ടിവന്നതിൽ ഞങ്ങൾക്കു വ്യസനം ഉണ്ടു്. എന്നാൽ ആശാഭംഗത്തിനു വശഗരാകാതെ മേലും ഏതാദൃശസമാരംഭങ്ങൾ തുടർന്നുകൊണ്ടു പോകാൻ ആ ലേഖകന്മാരോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ഈ കലാശാലയിലെ അദ്ധ്യേതാക്കളുടെ വാസനാശക്തിയേയോ, കാവ്യാഭിരുചിയേയോ ഒരു വിധമെങ്കിലും ഈ മാസികയിലൂടെ പ്രകാശിപ്പിക്കാൻ സാധിച്ചു എന്നു ഞങ്ങൾ വിചാരിക്കുന്നില്ല. ലഭ്യമായിടത്തോളം ലേഖനങ്ങളിൽ നല്ലതു നോക്കി ഞങ്ങൾ തിരഞ്ഞെടുത്തുവെന്നേയുള്ളു. വൈവിധ്യമേറിയ ഇത്രയും സാഹിത്യവിഭവങ്ങൾ നിർമ്മിച്ചു അനുഗൃഹീതന്മാരായ കൊച്ചുകലാചതുരന്മാർക്കു് ഞങ്ങളുടെ വാത്സല്യപൂർണ്ണവും സൗഹാർദ്ദനിർഭരവും ആയ കൃതജ്ഞത! ഈ ഉദ്യമത്തിൽ ഞങ്ങൾക്കു വേണ്ടുന്ന സഹായസഹകരണങ്ങൾ നൽകിയ സകല മാനിന്മാർക്കും ഞങ്ങളുടെ അകംനിറഞ്ഞ അഭ്യനന്ദനങ്ങൾ!

മാസികാപ്രവർത്തകർ.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# മഹാനായ നേതാവ്.

*Alex Mankavil II U. C.*

"അതെ, ഭൂമിയിൽനിന്നും ഒരു തേജസ്സ് അന്തർദ്ധാനം ചെയ്തിരിക്കുന്നു" ഫാ: പി. റ്റി. ഗീവർഗ്ഗീസ്, യാക്കോബായ സമുദായത്തിലെ ആദ്യത്തെ എം. എ. അച്ഛൻ, എം. ഡി. ഹൈസ്കൂൾ പ്രിൻസിപ്പാൾ, സിറാംപൂർ കോളേജിലെ ധനതത്വശാസ്ത്ര പ്രൊഫസർ, ബഥനി പ്രസ്ഥാനത്തിന്റെ പ്രണേതാവായ ആദ്യത്തെ മെത്രാൻ, യാക്കോബായ പുനരൈക്യപ്രസ്ഥാനത്തിന്റെ ജനയിതാവ്, മലങ്കര സുറിയാനി ഹൈറാർക്കിയുടെ സംപൂജ്യാദ്ധ്യക്ഷൻ, തിരുവിതാംകൂർ നിവർത്തന പ്രസ്ഥാനത്തിന്റെ ആരംഭകാലത്തിലെ ഒരു നിരീക്ഷകൻ, ഒരു വിദ്യാഭ്യാസ പ്രവർത്തകൻ എന്നീ വിവിധ നിലകളിൽ വിശ്വവിഖ്യാതനായ മാർ ഈവാനിയോസ് തിരുമേനി കേരള സഭാചരിത്രത്തിലും വിദ്യാഭ്യാസ പ്രവർത്തനത്തിലും ഒരു സുവർണ്ണാദ്ധ്യായം രചിച്ചുകൊണ്ടാണ് കടന്നുപോയിരിക്കുന്നത്.

തിരുമേനി ഒരസാമാന്യ ബുദ്ധിമാനായിരുന്നു എന്ന് അദ്ദേഹത്തോടിടപെടാൻ അവസരം ലഭിച്ചിട്ടുള്ളവർ ആരും സമ്മതിക്കും. ജീവിതം വൈദികവൃത്തിക്കായി അർപ്പിക്കപ്പെട്ടിരുന്നതിനാൽ അദ്ദേഹത്തിന്റെ ഈ മഹാബുദ്ധിയുടെ തീക്ഷ്ണത മതകാര്യങ്ങളിലും സഭാകാര്യങ്ങളിലും ആണ് നമുക്ക് കൂടുതൽ അനുഭവപ്പെട്ടിട്ടുള്ളത്. എങ്കിലും സർവ്വകലാവല്ലഭത്വത്തിനുള്ള കഴിവുകൾ തിരുമേനിക്ക് ജന്മസിദ്ധമായിരുന്നു. രാഷ്ട്രീയകാര്യങ്ങളിൽ അദ്ദേഹം തലയിട്ടിരുന്നില്ല; എങ്കിലും, രാഷ്ട്രീയപ്രവർത്തകരുമായി സംഭാഷണത്തിൽ ഏർപ്പെടാൻ അദ്ദേഹം വൈമുഖ്യം കാണിച്ചിരുന്നില്ല. ധർമ്മധീരനും നയചതുരനുമായ ഒരു കർമ്മകുശലൻ, ധിഷണാശക്തിയും വാഗ്വൈഭവവും ഒത്തിണങ്ങിയ ഒരു പണ്ഡിതശ്രേഷ്ഠൻ, അചഞ്ചലമായ ഈശ്വരവിശ്വാസത്തിൽ അടിയുറച്ച ഒരു ഭക്തോത്തമൻ എന്നിങ്ങനെ തിരുമേനിക്കുണ്ടായിരുന്ന വ്യക്തിപ്രഭാവം ചരിത്രത്തിന്റെ ഏടുകളിൽ മായാത്ത മുദ്രകൾ പതിച്ചിട്ടുണ്ടെന്നു നിസ്സംശയം പറയാം. ആ വന്ദ്യ പുരുഷനെ പ്രഥമ വീക്ഷണത്തിൽ മഹാകവി ടാഗോറാണെന്നു ചിലർ ശങ്കിച്ചേക്കാം. അദ്ദേഹത്തിന്റെ ആകർഷകമായ സംഭാഷണരീതിയും, ഹൃദയഹാരിയായ പുഞ്ചിരിയും ആർക്കും വിസ്മരിക്കുവാൻ കഴിയുന്നതല്ല. സൗരഭ്യവാഹിയായി മന്ദം മന്ദം ഒഴുകുന്ന ശരന്നിമ്നഗയ്ക്കു തുല്യമായ അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലെ വാങ്മാധുരി ഇന്നും ജനഹൃദയങ്ങളെ പുളകം കൊള്ളിക്കുന്നുണ്ട്.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

സൽകീർത്തിയാണ് ഒരു മനുഷ്യന് അശിക്കാവുന്നതിലേയ്ക്കും വലിയ ധനം. അതില്ലാത്തവരെ വെറും മനുഷ്യവേഷം കെട്ടിയ മൺപാവയായി മാത്രം കണക്കാക്കിയാൽ മതിയെന്നാണ് ഷേക്സ്പീയരുടെ മതം. മാർ ഇവാനിയോസ് തിരുമേനിയാകട്ടെ സൽകീർത്തിയുടെ മൂർത്തിമൽഭാവമായിട്ടാണ് കാണപ്പെട്ടിരുന്നത്.

ഇൻഡ്യയിലെന്നല്ല വിദേശ രാജ്യങ്ങളിൽപ്പോലും അദ്ദേഹത്തിന്റെ കീർത്തിയുടെ പരിമളം വ്യാപിച്ചിരുന്നു. യൂറോപ്പ്, അമേരിക്ക, ആസ്ട്രേലിയാ മുതലായ ഭൂഖണ്ഡങ്ങളിലെ മിക്ക രാജ്യങ്ങളും അദ്ദേഹം സന്ദർശിച്ചിട്ടുണ്ട്. ലോകത്തിലെ പ്രമുഖരും പ്രശസ്തരുമായ നിരവധി വ്യക്തികളുമായി നേരിട്ടോ, കത്തുമുഖേനയോ അദ്ദേഹം പരിചയപ്പെടുകയും സമ്പർക്കത്തിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ നാമം സ്ഥലം പിടിക്കാത്ത ഒരു കത്തോലിക്കാ പത്രമോ മാസികയോ ഇന്നു ലോകത്തിലുണ്ടെന്നു തോന്നുന്നില്ല. 1932-ൽ അഭിവന്ദ്യ തിരുമേനി ഡബ്ലിൻ ദിവ്യകാരുണ്യ സമ്മേളനത്തിൽ സംബന്ധിക്കുന്നതിനായി പോയ അവസരത്തിൽ സുപ്രസിദ്ധ ആംഗ്ലേയ സാഹിത്യകാരനായ ജി. കെ. ചെസ്റ്റർട്ടന്റെ തൂലികയ്ക്കു തിരുമേനി വിഷയീഭവിച്ചു. ഈ അടുത്ത കാലത്ത് അദ്ദേഹം അമേരിക്ക സന്ദർശിക്കുകയും അന്നത്തെ പ്രസിഡൻറായിരുന്ന ട്രൂമാനുമായി സംഭാഷണത്തിലേർപ്പെടുകയും, അവിടുത്തെ ഒരു പ്രധാന സർവ്വകലാശാല അദ്ദേഹത്തിനു എൽ. എൽ. ഡി. ബിരുദം നൽകുകയും മററും ചെയ്തു എന്നുള്ള സംഗതികൾ നമുക്കേവർക്കും അറിവുള്ളതാണല്ലോ. വിദേശ രാജ്യങ്ങളിൽ അദ്ദേഹം നടത്തിയിട്ടുള്ള പ്രസംഗങ്ങൾ ഇൻഡ്യയെപ്പററി ആ ദേശക്കാർക്കുണ്ടായിരുന്ന തെററിദ്ധാരണകളെ മാററുന്നതിനും ഇൻഡ്യൻ ജനതയിൽ അവർക്കു വിശ്വാസവും ബഹുമാനവും വളർത്തുന്നതിനും സഹായിച്ചിട്ടുണ്ട്. കേരള സഭാചരിത്രം പരിശോധിക്കുന്ന പക്ഷം ഇത്രയും കാലത്തിനുള്ളിൽ ഏതെങ്കിലും ഒരു മെത്രാൻ ഇദ്ദേഹത്തെപ്പോലെ വിദേശരാജ്യങ്ങളിലെ സാഹിത്യകാരന്മാരുടെ തൂലികയ്ക്കു വിഷയീഭവിക്കുകയോ അവരുടെ പ്രശംസയ്ക്കു പാത്രീഭവിക്കുകയോ ചെയ്തിട്ടുള്ളതായി കാണുന്നതല്ല.

മാർ ഇവാനിയോസ് തിരുമേനി പ്രഗത്ഭമതിയായ ഒരു ഭാഷാപണ്ഡിതനായിരുന്നു. ഇംഗ്ലീഷിലും മലയാളത്തിലും സുറിയാനിയിലും അന്യാദൃശമായ പരിജ്ഞാനമാണ് അദ്ദേഹം ആർജ്ജിച്ചിരുന്നത്. തിരുമേനിയുടെ ഉൽകൃഷ്ടമായ ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം 'ചെസ്റ്റർട്ടന്റെ' പോലും അഭിനന്ദനത്തിനു പാത്രീഭവിച്ചിട്ടുണ്ട്.

തിരുമേനിയുടെ 72 കൊല്ലത്തെ ജീവിതം വിവിധ പ്രശ്നങ്ങളുമായുള്ള ഏററുമുട്ടലിന്റെ ഒരു നീണ്ട ചരിത്രമായിരുന്നു. ആ ജീവിത സമരത്തിൽ അദ്ദേഹം വിജയിയാകുകയും സ്വന്തം ജീവിതത്തെ മററുള്ളവർക്ക് ഉപയോഗപ്രദമാക്കിത്തീർക്കുകയും ചെയ്തു. ജീവിതം വിശ്രമിക്കുവാനുള്ളതല്ലെന്നും ജീവിതത്തിന്റെ അവസാനത്തിലാണ് വിശ്രമമെന്നും, അതാണ് മരണമെന്നും അദ്ദേഹം മനസ്സിലാക്കിയിരുന്നു.

അദ്ദേഹത്തിന്റെ വാർദ്ധക്യ കാലത്തിലെ ഒരു പ്രധാനപ്പെട്ട നേട്ടമാണ് തിരു: കൊച്ചിയുടെ തലസ്ഥാനമായ തിരുവന

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

ന്തപുരം നഗരത്തിലെ സുഖപ്രദവും പ്രശാന്തരമണീയവും ആയ ബഥനിക്കുന്നിൽ വിജയശ്രീയാൻ്റെ വിരാജിക്കുന്ന മാർ ഈവാനിയോസ് കോളജ്. പ്രസ്തുത കോളജിലെ ജീവിതം മാതൃകാപരവും ഏററവും ആനന്ദകരവും ആണത്രേ. അതിനെപ്പററി അഭിപ്രായഭേദം ആർക്കും ഉണ്ടാകുമെന്നു തോന്നുന്നില്ല. യഥാർത്ഥവും ആദർശ സമന്വിതവുമായ ഒരു സങ്കല്പ ചൈത്രയാത്രയുടെ സജ്ജീകരണങ്ങളാണ് അവിടെ പ്രകടമാകുന്നത്. അതെ, സ്നേഹസമ്പൂർണ്ണമായ ഒരു അന്തരീക്ഷം. ആഹ്ലാദജനകമായ ജീവിതരീതി—സാർവ്വത്രികമായ സമഭാവന—ഇതാണ് നാം അവിടെ കാണുന്നത്. ആധുനിക വിദ്യാഭ്യാസത്തിന്റെ അനിഷ്ടഫലങ്ങളിൽനിന്നും സമുദ്ഭൂതമാകുന്ന ദുർഗ്ഗുണങ്ങൾക്ക് വിദ്യാർത്ഥികൾ വശംവദരാകാതെ സൂക്ഷിക്കുവാൻ തിരുമേനി കഴിയുന്നത്ര പരിശ്രമിച്ചിരുന്നു. അദ്ദേഹം തന്നിൽത്തന്നെ വിശ്വസിച്ച് തന്റെ സഹജീവികളെ സ്നേഹിക്കുകയും ജീവിതനിയമങ്ങൾക്കനുസരണമായി ജീവിക്കുകയും ചെയ്തിരുന്നു. ഓരോ ദിവസവും ഹൃദയാഹ്ലാദത്തോടുകൂടി അദ്ദേഹം തന്റെ കൃത്യങ്ങൾ നിർവ്വഹിച്ചിരുന്നു. എത്ര സാരമില്ലാത്ത ജോലിയും അദ്ദേഹം താത്പര്യത്തോടും, ഉത്തരവാദിത്വബോധത്തോടുംകൂടി ചെയ്തുതീർക്കുന്നതിനു് ഉപേക്ഷ കാണിച്ചിരുന്നില്ല. അനീതിയുടെയും അക്രമത്തിന്റെയും മുൻപിൽ ആ ധീരാത്മാവ് മുട്ടുമടക്കിയിട്ടില്ല. അനഹങ്കാരിയായിരുന്ന ആ വന്ദ്യ പുരുഷൻ നിന്ദാവചനങ്ങൾകൊണ്ട് മററുള്ളവരുടെ ഹൃദയ വികാരങ്ങളെ മുറിപ്പെടുത്തിയിട്ടില്ല. സേവയ്ക്കുവേണ്ടി സ്വാഭിപ്രായം ത്യജിക്കുക അദ്ദേഹത്തിന്റെ പതിവല്ലായിരുന്നു. സേവനത്തിനുള്ള അവസരം അദ്ദേഹം പാഴാക്കാറുമില്ലായിരുന്നു.

ഇങ്ങനെ ക്ലേശഭൂയിഷ്ഠമായ ഈ ലോകത്തെ സ്വർഗ്ഗതുല്യമാക്കിത്തീർക്കുവാൻ ജീവിതം അർപ്പിച്ച ഈ മഹാത്മാവിന്റെ ഉപദേശങ്ങളെ അനുവർത്തിക്കുകയും അദ്ദേഹത്തിന്റെ കാലടിപ്പാടുകളെ പിൻതുടയുകയുമത്രേ നമ്മുടെ കർത്തവ്യം.

---

ഉരുക്കിടുന്നൂ, മിഴിനീരിലിട്ടു
മുക്കുന്നുമുററും ഭുവനൈകശില്പി
മനുഷ്യഹൃത്താം കനകത്തെ,യെന്തോ
പണിത്തരത്തിന്നുപയുക്തമാക്കാൻ!

കണ്ണുനീർത്തുള്ളി.

# ഒരു മഹാച്ചരമം.

*P. Raghavan IV U. C.*

മുങ്ങീഹാ! ചരമാബ്ധിയിൽ കമലിനീകാന്തൻ നിരാലംബനായ്
മുങ്ങീ ഭീകരമന്ധകാരനികരം തന്നിൽ ധരിത്രീമുഖം,
തങ്ങീനീരദരാജിപർവ്വതമഹാശൃംഗങ്ങളിൽ; സാഗരം
തിങ്ങീടും തിരയൊട്ടൊതുക്കുവതിനായാകാതെയസ്വസ്ഥമായ്.

പൊന്തീടുന്ന വികാരമാം തിരനിരത്തള്ളലുവല്ലാതകം
സന്താപക്കൊടുവഹ്നിതന്നിൽ മുഴുകിക്കേഴുന്നു ഭൂദേവിയും;
ചിന്തിച്ചീടുകിലാത്മജാന്ത്യസമയേ തൂകീടുമീ ബാഷ്പമാ—
ണന്തം പാരിലെഴാതെ സിന്ധുനിരയായ് കാണുന്നതെല്ലാമഹോ.

പേർപൊങ്ങും തിരുമേനിമാർമണി മഹാത്മാ മാറിവാന്യോസ്ധരാ—
ദീപം ദിവ്യതപസ്വി വേദവിദ്യാലങ്കാരചൂഡാമണി,
ഹാ! പൈതങ്ങളെയൊക്കെവിട്ടു ഭവമാമംബോധിപിന്നിട്ടിതാ
താപം ഹന്ത! പരംകഥിക്കുവതിനിന്നാവില്ല നാവില്ലമേ.

മാലാൽ ബാലകൾ തൻശിരസ്സു ശിലയിൽത്തല്ലീട്ടു കേഴുന്നഹാ
ബാലേപുൽക്കൊടിപോലുമുൽക്കടതരം വാർക്കുന്നു കണ്ണീർക്കണം
മേലേവാനവരാകുലം ലവമൊതുക്കീടാൻ ശ്രമിച്ചീടിലും
മേലാതശ്രുപൊഴിപ്പതാണു മഴയല്ലിപ്പെയ്യതുർവ്വീതലേ.

പാടുന്നില്ല ഖഗം ദലാവലി ചലിക്കുന്നില്ല പൂന്തേൻനുക—
ർന്നീടുന്നില്ല മരന്ദസുന്ദരസുമം പൂകുന്ന ഭൃംഗങ്ങളും
കൂട്ടാകുന്നിതമാന്ദ്യതെന്നലുമുലാത്തുന്നീല വിശ്വംസ്വയം
തേടുന്നില്ലനിസർഗ്ഗകർമ്മഗതിയെപ്പോലും കഠോരാർത്തിയാൽ.

സാരാസാര വിചാരഭാസുരമതേ! സംസാരമാകുന്നവൻ—
പാരാവാരമതിങ്കലെന്നുമമരസ്ഥാനം വരിച്ചങ്ങനെ
നേരാംപാതയിലങ്ങു മർത്ത്യരെ നയിച്ചോർക്കിൽ ക്ഷണംബാഷ്പമാം
തോരാധാരയിൽ മുങ്ങിയുള്ള പിളരാതാരുള്ളു പാരുള്ളതിൽ.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

അംഭസ്സിന്നവനത്വമംബുജമതിൻ ഭാസമ്പിളിസ്സൗഹൃദം
വമ്പേറുന്ന മഹീധ്ര ഹൃദ്ധൃതിയനന്തൻതൻമതിപ്രാഭവം
കുംഭീന്ദ്രാന്തകപൗരുഷം പലതിദം മാഹാത്മ്യമൊന്നിച്ചുത—
ന്നംഭോജാംബികയാട്ടമത്തിരുമുഖക്കണ്ണാടിയിൽ കാണ്മതാം.

ചാരത്തെത്തിട്ടുമക്ഷണത്തിലൊരുവാക്കോതാൻ തരംനൽകിടാ—
താരേയും വശവർത്തിയാക്കി വിജയിച്ചീടും, യമൻതന്നെയും
നേരിട്ടിട്ടൊരു ക്ലിപ്തകാലയളവിൽ തോല്പിച്ചയച്ചങ്ങുതൻ
ധീരത്വം ധരതന്നിൽ മാറ്റൊലിയലച്ചാർത്തായ്ച്ചലിക്കുന്നിതേ.

സ്വന്തം വീട്ടുലകം, ജനങ്ങളഖിലം ബന്ധുക്കളെല്ലാരു,മാ—
വൻതാതൻ ജഗദീശ്വരന്റെയരുമപ്പൈതങ്ങളെന്നോർത്തുടൻ
ചിന്തുംജീവിതകാലമാകെജനതാ സേവയ്ക്കുനേർന്നങ്ങത—
ന്നന്തസ്സാരമഹത്വമോർത്തകമതിൽ തിങ്ങുന്നുഭക്ത്യാദരം.

നാട്ടിൽസ്കൂളുകൾ, കീർത്തിപൊങ്ങിവളരുംകോളേജു, കന്യാമഠ—
ക്കൂട്ടം, പാവനവേദപാഠനിലയം, ദേവാലയശ്രേണിയും
ഒട്ടല്ലാതെപ്രയത്നമാൻ പണിയിച്ചുത്തുംഗസംസ്കാരമാം
പുഷ്ടശ്രീവിളയിച്ചപൊന്നുകരതാർ മുത്തുന്നതെന്നാണിനി!

മിന്നും തോരണവാരണങ്ങളരുണൻ മങ്ങുന്ന ഛത്രങ്ങളും
പൊന്നേലും പുതുചാമരങ്ങൾ കൊടികൾ ഗാനങ്ങൾ വാദ്യങ്ങളും
ഇന്നേവംപലതാൻ നിർജ്ജരരിതാവന്നങ്ങയെ സ്വീകരി—
ച്ചെന്നെല്ലാം കരുതുന്നു; ഖേദമതിലും മോദംതരുന്നൂഭവാൻ.

അങ്ങാർജ്ജിച്ചൊരു നൽജ്ജയക്കൊടിയുയർന്നീയൂഴിതൻസീമവി—
ട്ടങ്ങേയറ്റമമർന്നുവിൺപുരിയിലും തത്തിക്കളിപ്പൂദൃഢം
മംഗല്യം കലരുന്ന ദേവസഭതന്നദ്ധ്യക്ഷപീഠംവരി—
ച്ചങ്ങിപ്പോളുപദേശസാരമമൃതം നൽകീടുകല്ലേവിഭോ.

എന്നും വത്സരിവർക്കു നിസ്തുലതരം നിസ്സ്വാർത്ഥമാം ജീവിതം
നേർന്നിട്ടുള്ള ഭവാന്റെ ഭവ്യതയെഴും പൊൽപ്പാദപാംസുക്കളെ
നന്നായ്പ്പിൻതുടരാൻ ശ്രമിച്ചിവരിതാ പ്രാർത്ഥിപ്പു നിർവ്യാജമാ—
മന്നോർമന്നവനാത്മശാന്തിയരുളീടട്ടേ! തരട്ടേ ശുഭം.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# മനുഷ്യനും കലാസൃഷ്ടിയും.

*Vettiyar K. J. Kurup III Bsc.*

കാലം കഴിയുന്തോറും ലോകം പുരോഗമിക്കുന്നതോടൊപ്പം തന്നെ കലയും പുരോഗമിക്കുകയാണ്. കലയുടെ പുരോഗതി വ്യാപകമായ അർത്ഥത്തിൽ ജീവിത പുരോഗതിയെയാണ് കുറിയ്ക്കുന്നതു്. സുന്ദരാവസ്ഥകളുടെ ആവിഷ്കരണ ഫലമായാണ് നല്ല നല്ല കലാസൃഷ്ടികൾ രൂപം പ്രാപിച്ചിട്ടുള്ളതു്. ഈ കലാസൃഷ്ടികളെല്ലാം തന്നെ വേദന നിറഞ്ഞ ജീവിതത്തെ സുസഹമാക്കുന്നവയാണ്. മനുഷ്യ ജീവിതത്തിൻെറ മാർഗ്ഗദർശിതം മിക്കവാറും കലകളിൽ നിക്ഷിപ്തമായിരിക്കുന്നതിനാലാണ് അവ സംജീവങ്ങളായി നിലനിൽക്കുന്നതു്.

ഭാരതീയ ശാസ്ത്രപ്രകാരം അറുപത്തിനാലു കലാവിദ്യകളും, അതിനോടനുബന്ധിച്ചു നിൽക്കുന്ന പല ഉപകലകളും ചേർന്നതാണ് 'കല'. "വികാരത്തിൻെറയും, നിരീക്ഷണത്തിൻെറയും സാങ്കേതികമായ സമ്മേളനം മുഖേന ഒരുത്തനിൽ വ്യക്തിഗതമല്ലാത്ത വികാരം ഉദ്ദീപിപ്പിച്ചു് സമസൃഷ്ടിസ്നേഹമുളവാക്കുന്ന മനുഷ്യശക്തിയുടെ ഭാവനാപരമായ പ്രകടനമാണ് കല" എന്നു് സുപ്രസിദ്ധ ഇംഗ്ലീഷ് നാടകകർത്താവായ ഗാൽസ്‌വർത്തി പറഞ്ഞിട്ടുണ്ട്. ജീവിതത്തിൽ നിന്നുറവെടുത്തു്, ജീവിതത്തെത്തഴുകി, ജീവിതത്തിൽക്കൂടി ഒഴുകുന്ന കലാനിർഝരി ജീവിതത്തെ സമ്പന്നമാക്കുവാനും പര്യാപ്തമായതാണ്. കലാകാരന്മാരുടെ കടമയും ഈ ഉദ്ദേശ്യത്തെ ലക്ഷ്യമാക്കിക്കൊണ്ടുള്ളതാണെങ്കിൽ മാത്രമേ കലകൊണ്ടു മനുഷ്യരാശിക്കു പ്രയോജനമുണ്ടാകയുള്ളൂ. മനുഷ്യനും, അവൻെറ കലാസൃഷ്ടികളും തമ്മിൽ അത്രയ്ക്കു് അഭേദ്യമായ ബന്ധം ഉണ്ട്.

ക്രാന്തദർശികളായ കലാകാരന്മാർ അവരുടെ മോഹനങ്ങളായ ഭാവനകളിൽക്കൂടെ കോർത്തിണക്കിയെടുക്കുന്ന രത്നമാല്യങ്ങളുടെ മൂല്യം നിർണ്ണയിക്കുന്നതു് മനുഷ്യജീവിതമാകുന്ന വിപണിയിൽ വച്ചാണ്. അവരുടെ സൃഷ്ടികളിൽ ഭാവനയ്ക്കുള്ള പ്രാധാന്യത്തോടൊപ്പംതന്നെ അനുഭവങ്ങൾക്കും പ്രസക്തിയുണ്ട്. സൂര്യരശ്മി സത്തിലും അസത്തിലും ഭേദംക്രടാതെ വ്യാപിക്കുന്നതുപോലെതന്നെ കലാകാരൻെറ ഭാവനയ്ക്കും അനുഭവങ്ങൾക്കും സത്തിലും അസത്തിലും ജീവിത മൂല്യങ്ങളെ കണ്ടെത്തുവാൻ കഴിയും. രണ്ടായിരത്തിൽപരം വർഷങ്ങൾക്കുമുമ്പു് ഭഗവാൻ ക്രിസ്തുദേവൻ കാൽവരിമലയിൽവെച്ചു് ലോകത്തിനു കാട്ടിക്കൊടുത്ത ത്യാഗവേദിയിലും, ലോകൈകവന്ദ്യനായ മഹാത്മജിയുടെ നേർക്കു് കൈത്തോക്കിൻെറ നിറയൊഴിച്ച ആ 'മനുഷ്യമൃഗ'ത്തിൻെറ ദുർമ്മോഹ തൃഷ്ണയിലും

കലാകാരൻ ജീവിതമൂല്യങ്ങളെ ദർശിക്കുന്നുണ്ട്. പക്ഷേ, മൗലികമായ തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ ആ മൂല്യങ്ങൾ ഭിന്നപ്രകൃതികളായി മാറുന്നുവെന്നേയുള്ളൂ.

സാഹിത്യം, സംഗീതം, ചിത്രമെഴുത്ത്, വാസ്തുശില്പം, പ്രതിമാശില്പം മുതലായ ലളിതകലകൾ, പാശ്ചാത്യരുടേയും പൗരസ്ത്യരുടേയും ഇടയിൽ ഒരുപോലെ മെച്ചപ്പെട്ടു നിൽക്കുന്ന കലകളാണ്. ജീവിതയാഥാർത്ഥ്യങ്ങൾ യഥാതഥമായി പ്രതിഫലിപ്പിക്കുവാൻ പററിയ കല സാഹിത്യമാണ്. യാഥാർത്ഥ്യങ്ങളുടേയും, സുന്ദരസങ്കല്പങ്ങളുടേയും ചിത്രീകരണമാണ് സാഹിത്യകലയിൽക്കൂടി നമുക്ക് അനുഭവപ്പെടുന്നതു്. പ്രഭാത ഭാസ്കരന്റെ പ്രതാപത്തെയും പ്രകൃതിയുടെ വികൃതിയേയും ചിത്രീകരിക്കുന്നതോടൊപ്പം തന്നെ, നരന്റെ വാനരത്വത്തേയും വഞ്ചനയുടേയും യാതനയുടേയും ഇരമ്പിക്കയററത്താൽ ഉണ്ടാകുന്ന സംഭവവികാസങ്ങളേയും എടുത്തു കാണിക്കുന്നതിനും സാഹിത്യത്തിനു കഴിയും; കഴിവുണ്ട്. ചുരുക്കത്തിൽ സത്യത്തെ ദർശിക്കാത്തവണ്ണം മഹത്തരമായ അനുഭൂതിയാൽ പ്രഫുല്ലമായ കവിഹൃദയം, ജീവിതത്തിൽനിന്നും എടുത്തു കാട്ടുന്ന അനുഭവങ്ങളാണ് സാഹിത്യകലയ്ക്കു തികവും മിഴിവും നൽകുന്നതു്.

സാഹിത്യത്തിനെന്നപോലെ തന്നെ സംഗീതത്തിനും മനുഷ്യമനസ്സിൽ വികാരാവിഷ്കരണശക്തിയുളവാക്കാനും, തദ്വാരാ മാനസിക പ്രചോദനത്തെ പ്രദാനം ചെയ്യുവാനും സാധിക്കുന്നതാണ്. വനാന്തരങ്ങളിൽ ആട്ടുമാടുകളെ മേയിച്ചുനടന്ന അന്നത്തെ പ്രാകൃത മനുഷ്യനിൽ അവനറിയാതെതന്നെ ഉറവെടുത്ത ഒരു കലയാണ് സംഗീതം. സുന്ദരമായ വിചാരവികാരങ്ങളുടെ സമ്യക്സമ്മേളനം അവനിൽ അന്ന് അവാച്യമായ ആനന്ദത്തിന്റെ തിരകൾ ഇളക്കിയിരുന്നു. അതിൽ അവൻ ഒരു നിർവ്വാണസുഖംതന്നെ അനുഭവിച്ചിരിക്കണം. കാലം കഴിഞ്ഞതോടുകൂടി, അഥവാ ശാസ്ത്രാരംഭത്തോടുകൂടി അതു് സുപ്രധാനമായ ഒരു സുകുമാര കലയായി രൂപാന്തരപ്പെടുകയും ചെയ്തു. ഇതരകലകളുടെ കാര്യവും ഇതിൽനിന്നും ഭിന്നമല്ല.

എല്ലാ കലാസൃഷ്ടികളുടേയും മർമ്മം ആത്മപ്രകാശനമാണ്. സകല മനുഷ്യരിലും കലാവാസനയ്ക്കു സ്ഥാനമുണ്ട്. എന്നാൽ ചിലരിൽ ഈ കലാവാസന അതിന്റെ അത്യുച്ച നിലയിൽ പരിലസിക്കുന്നു; അതേ സമയം മററു ചിലരിൽ അതു് അതിന്റെ കഴിവനുസരിച്ചു പ്രവർത്തിക്കുന്നില്ല. അഥവാ, പരിതഃസ്ഥിതികളുടെ പ്രാതികൂല്യാവസ്ഥയിൽപ്പെട്ട് ഈ അനർഘ രത്നം കാന്തിയും മൂല്യവും നഷ്ടപ്പെട്ടു നശിച്ചുപോകുന്നു. മനുഷ്യമനസ്സിനെ സംസ്കരിച്ച് ഹൃദയവികാസമുള്ളതാക്കിത്തീർക്കുന്നതിലാണ് കലയുടെ വിജയം നിലകൊള്ളുന്നതു്. എന്നാൽ മനുഷ്യരുടെ ആഗ്രഹങ്ങളും, അഭിനിവേശങ്ങളും അനുസരിച്ച് ഈ കലകളോടുള്ള വാത്സല്യവും ഏറിയും കുറഞ്ഞും ഇരിക്കും. ഇ. വി. കൃഷ്ണപിള്ള ഒരു പ്രസംഗമദ്ധ്യേ പ്രസ്താവിക്കുകയുണ്ടായി, "കഥകളിയെ കാഴ്ചബംഗ്ലാവിലേയ്ക്കു മാററുകയാണ വളരെ നല്ലതു്" എന്ന്. ഏതു വിധത്തിൽ നോക്കിയാലും, കേരളീയർക്കു മാത്രമല്ല, പൗരസ്ത്യർക്കു പൊതുവെ എന്തുകൊണ്ടും അഭിമാനം കൊള്ളാവുന്ന ഒരു കലാസമ്പത്താണ് കഥകളി. പക്ഷേ, മുൻസൂചി

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

പ്പിച്ചതുപോലെ, കലയോട്ട് മനുഷ്യക്കുള്ള അഭിനിവേശം ഏറിയും കുറഞ്ഞും ഇരിക്കുന്ന കാലത്തോളം ഈ നിഗമനത്തിനു സാധുത്വം കല്പിക്കാം. എന്നാൽ ചിലക്കു ചില കലയോടോ, കലകളോടോ വിപ്രതിപത്തി തോന്നുന്നുണ്ടെന്നുവെച്ച് ആ കലകളെ പാടേ നിമ്മാർജ്ജനം ചെയ്യണമെന്നു പറയുന്നതിലാണ് അത്ഥമില്ലാത്തതു്. കലാസ്വാദന വിഷയത്തിൽ മനുഷ്യർ ഭിന്നരുചികളാണല്ലോ.

സുഖദുഃഖസമ്മിശ്രമാണ് ജീവിതം. പകലും, രാത്രിയും ലോകത്തിനു് ആവശ്യമായിരിക്കുന്നതുപോലെതന്നെ സുഖവും ദുഃഖവും അനുഭവിച്ചു കഴിഞ്ഞുകൂടുന്ന മനുഷ്യനെ അനിർവ്വചനീയവും, അലൗകികവുമായ ഒരു മേഖലയിലേക്കു് ഉയത്തുന്നതിനു് അവന്റെ കലാസൃഷ്ടികളുടെ നിരന്തരമായ പ്രേരണ ആവശ്യമാണ്. ഒരു കലാകാരന്റെ കടമ ഇതിനെ ഉത്തേജിപ്പിക്കുകയെന്നുള്ളതത്രേ. ലോകരക്ഷയ്ക്കായുള്ള അവന്റെ ജീവിതം സുന്ദരവും അഭികാമ്യവുമാണ്. ഭിന്നരുചികളായ മനുഷ്യരിൽ സാവ്വജനീനമായ ഒരു വീക്ഷണഗതിയെ കുത്തിച്ചെലുത്തുവാൻ തക്ക പ്രാഗത്ഭ്യവും ആ മനുഷ്യസ്നേഹിക്കു് ഉണ്ടായിരിക്കണം.

ഇതു് ശാസ്ത്രത്തിന്റെ കാലമാണ്. കലയെ നാം ഇന്നു് അത്ര കാര്യമായി കണക്കാക്കേണ്ടതില്ല എന്നു വാദിക്കുന്ന ഒരു കൂട്ടം ആളുകളുണ്ടു്. കലയും, ശാസ്ത്രവും ഒരു നാണയത്തിന്റെ ഇരു വശങ്ങളാണ്. ശാസ്ത്രപുരോഗതികൊണ്ടു്, മാസ്മരശക്തിയാലെന്നപോലെ ലോകത്തിനു പുരോഗതി കൈവന്നിട്ടുണ്ടു്. ശരിയാണ്. പരമാണുവിന്റെ ഉള്ളറയിലേയ്ക്കു കടന്നു ചെല്ലുവാനും, വിശാലമായ ആകാശത്തിൽക്കൂടി വിഹംഗമത്തെപ്പോലെ പറന്നുപോകുവാനും ശാസ്ത്രം നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ആററംബോംബും, ഹൈഡ്രജൻബോംബും ശാസ്ത്രപുരോഗതിയുടെ സന്താനങ്ങളാണ്. പക്ഷെ ഇതുകൊണ്ടുമാത്രം നാം തൃപ്തരാകുന്നതെങ്ങനെയാണ്? ലോകത്തെ ഗ്രസിക്കുവാനെന്നവണ്ണം പാഞ്ഞടുക്കുന്ന വിഷമപ്രശ്നങ്ങളുടെ നേക്കു് ഈ ശാസ്ത്രഗതി ഇന്നു തിരിഞ്ഞിരിക്കുകയാണെങ്കിലും, ശാസ്ത്രയുഗത്തിന്റെ വീക്ഷണഗതിയിൽക്കൂടി മനുഷ്യത്വത്തിന്റെ മുന്നേററമായ ത്യാഗവും, സ്നേഹവും മുരടിക്കാതിരിക്കണമെങ്കിൽ മനുഷ്യരുടെ കലാസൃഷ്ടികളും ശാസ്ത്രഗതിയ്ക്കൊപ്പം വളരേണ്ടിയിരിക്കുന്നു. അനുപേക്ഷണീയമായ ഈ സത്യദർശനം കലയുടെ കാര്യത്തിൽ നാം വിസ്മരിച്ചുകൂടാ. മനുഷ്യനും, അവന്റെ കലാസൃഷ്ടികളും അനാദികാലം മുതൽ തന്നെ അത്രയ്ക്കു ബന്ധം പുലത്തുന്നവയാണ്.

ചുരുക്കത്തിൽ, ഭൗതികത്വവും ആത്മികത്വവും യോജിക്കത്തക്കവിധം കൂട്ടിച്ചേത്തു് നിമ്മാണപരമായ പ്രവത്തനങ്ങൾക്കു മാർഗ്ഗദർശിത്വം നൽകുകയെന്നുള്ളതാണ് കലാസൃഷ്ടികൾകൊണ്ടു് മനുഷ്യജീവിതത്തിനു നേടാവുന്ന പ്രഥമവും പ്രധാനവുമായ ഗുണം. അത്യുത്തമങ്ങളായ ആദർശസമുച്ചയങ്ങൾ, മനുഷ്യവംശത്തെ സമുദ്ധരിക്കുന്ന ലോകോത്തരങ്ങളായ ആനന്ദാനുഭൂതികളായി മാറുമ്പോൾ മനുഷ്യന്റെ നാനാവിധമായുള്ള ഉയച്ചയ്ക്കു് ഈ കലാസൃഷ്ടികൾ അനുഗുണമായിത്തീരുന്നു. ജീവിതത്തിൽ കലാസൃഷ്ടികൾക്കുള്ള സ്ഥാനവും ഇതുതന്നെയാണ്.



FOOT BALL TEAM 1953-54.



VOLLEY BALL TEAM 1953-54.

MAR IVANIOS COLLEGE DIGITAL REPOSITORY



HOCKEY TEAM 1953-54.



CRICKET TEAM 1953-54.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# "സ്നേഹിപ്പിൻ മർത്ത്യരെ"

*Vergheese D. IV U. C.*

ആരെയും ആകർഷിക്കുന്ന ഒരു മനോമോഹന മലർവാടി. അസ്തമയ സൂര്യൻ പാരിനെ ചെംപട്ടുടുപ്പിക്കുന്നു. സുഗന്ധവാഹിയായ മന്ദമാരുതന്റെ പുതുമ നിറഞ്ഞ സംഗീതം. കൃത്രിമ ജലാശയത്തിനരികിലായി പകുതി വികസിച്ച്, അഭിനവ ശോഭയൊഴുക്കി നിൽക്കുന്ന ഒരു റോസാപുഷ്പം, എന്നെ മാടിവിളിക്കാൻ തുടങ്ങി. മതിമറന്ന ഞാൻ പുൽത്തകടിയിൽ നിന്നെണീററു. പാദങ്ങൾ മെല്ലെ അങ്ങോട്ടു ചലിക്കാൻതുടങ്ങി. അവിടെ എത്തിയിട്ട്.—

ഞാൻ:—ചൊല്ലുനീ, ചൊല്ലുനീ, ചൊല്ലാതെ നിൽക്കുകിൽ
തെല്ലും മടിയാതെ നുള്ളുമേ ഞാൻ;
ആരാണിക്കാന്തിതൻ നിർമ്മാതാവെന്നതും
കേൾക്കട്ടെ നിന്നുടെ സന്ദേശവും.

പൂവ്:—കേൾക്കണം, കേൾക്കണം, ശ്രദ്ധിച്ചുകേൾക്കണം
നമ്മുടെ നിർമ്മാതാവിപ്രപഞ്ചം.
"സ്നേഹിപ്പിൻ മർത്ത്യരേ, സ്നേഹിപ്പിൻ മർത്ത്യരേ"
എന്നതാണെന്റെയാസന്ദേശവും.

---

ഞാൻ:—(ഒന്നു അട്ടഹസിച്ചിട്ട്)
അയ്യയ്യോ, സൂനമേ, നിന്നുടെ കർത്തവ്യം
അന്യോപദേശം, ഹാ, മാത്രമാണോ?
തത്ത്വാനുസാരം പ്രവർത്തിയാതെ നിങ്ങൾ
എന്തിനാ മർത്ത്യരെ പുച്ഛരിക്കുന്നു?

പൂവ്:—(ഒന്നു മന്ദഹസിച്ചിട്ട്)
സ്വാർത്ഥത്തിൻ ചട്ടയിട്ടാടുന്ന മാർത്ത്യരെ
സ്നേഹപ്പൂങ്കാവിലേക്കാനയിപ്പാൻ;

സൗരഭ്യമോഹന വർണ്ണഗണങ്ങളാൽ
പാടുന്നു ഞങ്ങളാ സന്ദേശത്തെ.

മന്ദമാരുതനേററ് ആ ലത അല്പമൊന്നു മുന്നോട്ടാഞ്ഞ് സ്നേഹപാരവശ്യത്താൽ ദൃഢമായി എന്നെ ആലിംഗനം ചെയ്തു. ഭാവം പകർന്ന എൻെറ വദനമാകമാനം ആ മനോജ്ഞകുസുമം തെരുതെരെ ചുംബിച്ച് തണുപ്പും സൗരഭ്യവും ലോഭമെന്യേ വിളമ്പുന്നു. എന്നിട്ട് ആ സൗകുമാര്യം മന്ദാനിലനുമായി ഒരു ചെറു നൃത്തം.

പൂവ്:—തീർന്നുവോ സംശയം നിങ്ങടെ സംശയ
മീവിധം വർത്തിക്കുമെന്നുമീഞാൻ.
എന്തിനഹംഭാവം മാളോരേ നിങ്ങൾക്കു
ഞങ്ങളെ നോക്കി പഠിപ്പിൻ സ്നേഹം.

ഞാൻ ചിന്താമഗ്നനായി. എന്നിൽ ചിന്നിത്തിളങ്ങേണ്ടതായ ആ പരസ്നേഹക്കനലിനെ ശോഭായമാനമാക്കാതെ, ആവരണം ചെയ്യപ്പെട്ടിരുന്ന ആ സ്വാർത്ഥചാരം, ഇതാ മിന്നൽവേഗത്തിൽ അപ്രത്യക്ഷമാകുന്നു.

"സ്നേഹം—പരസ്നേഹം—അതേ; പാരിന്നമൃത് അതൊന്നു മാത്രമാണ്"

ഞാൻ:—വാസ്തവം ഞാനിനി സ്നേഹിക്കും മർത്ത്യരെ
പാടുവനീവിധമിന്നു മുതൽ.
സ്നേഹിപ്പിൻ മർത്ത്യരേ, സ്നേഹിപ്പിൻ മാർത്ത്യരേ,
അവ്വിധം നേടുവിൻ ജന്മഫലം.

---

ഹൃദ്യമായ പെരുമാററത്തിൻെറ വശീകരണശക്തി അത്ഭുതകരമാണ്. മനുഷ്യരെ സ്നേഹിക്കുക; അതിലും ഉപരിയായി, മനുഷ്യത്വം അനുവദിച്ചു കിട്ടിയിട്ടില്ലാത്ത മനുഷ്യനെ സ്നേഹിക്കുക. അതാണു നിങ്ങളുടെ കർത്തവ്യം.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# സ്നേഹിതൻ.

*Chacko Panicker I U. C.*

മറവിയിൻകൂട്ടുവിട്ടോർമ്മയുടെ
ചിറകുവിരിച്ചെൻ്റെ ചിന്തപാറി
ഒരുനാലുമാസങ്ങൾമുമ്പിലുള്ള
വികൃതിത്തരങ്ങളിൽച്ചെന്നുപാറി.

അവിടേയ്ക്കുനിങ്ങളെൻചിന്തയുടെ
ഗതിയെത്തിരിച്ചൊന്നുനോക്കീടുമോ
അവിടല്ലേനിർമ്മലസ്നേഹത്തിൻ്റെ
കതിരുകൾതെന്നലിൽപാറിനിൽപ്പൂ!

മനസ്സിൻ്റെ മാംസളഭിത്തികളി—
ലൊരുനാളുംമായാത്തചെഞ്ചായത്താൽ
അനുഭവമാകുംകലാവിദഗ്ദ്ധൻ
പരിചിൽവരച്ചൊരുജീവചിത്രം.

അതുമാച്ചാൽമായുമോ?മാച്ചീടുവാ—
നുലകത്തിൽപോന്നോരുശക്തിയുണ്ടോ?
മതിമാനാംനിങ്ങടെജീവിതത്തിൽ
വിലയേറുംപാഠങ്ങൾനൽകിയില്ലേ?

ഹൃദയമാംകോരകമാഗ്രഹമാം
ശശിബിംബരശ്മിയേറ്റുല്ലസിച്ചു.
പനിമതിതോറ്റൊളിച്ചീടുമാറു—
ള്ളവിടുത്തെസൗന്ദര്യമോലുമാസ്യം.

സുദിനമങ്ങെത്രയോനമ്മൾരണ്ടാൾ
ഹൃദയത്തിൻവാതിൽതുറന്നുകാട്ടി
അതിനുള്ളിലേമറപറ്റിനിന്നോ—
രതിരഹസ്യങ്ങൾ ചികഞ്ഞുകണ്ടു.

ശതവർഷവിംശതിമുമ്പുദൈവം
ധരണിയിൽമാനുഷവേഷമേന്തി
അവശർക്കാനന്ദവുമാശ്വാസവു—
മരുളുവാൻപോന്നതാംമാർഗ്ഗമോതി.

എവിടെയാണങ്ങേടെജീവിതത്തിൻ
മധുരിമയാർന്നസുമംനിറവൂ
അവിടെയീദൈവികചിന്താദീപം
നെടുനാൾവഴികാട്ടിയായിടട്ടെ!

---

നിശ്വസിക്കുന്ന ചിന്തകൾ, നീറുന്ന വാക്കുകൾ—ഇതാണു വാഗ്വിലാസം.

—ഗ്രേ.

ചെറുകഥ.

# എന്റെ പ്രതികാരം.

*P. S. Mahamed Ismail II U. C.*

പ്രകൃതിരമണീയത ഓളം തല്ലുന്ന ആ സ്ഥലത്താണ് ഞാൻ ആദ്യം, ഒരു പ്രൈവററ് ഡാക്ടറായി ജീവിതമാരംഭിച്ചത്. പച്ചപ്പരവതാനി വിരിച്ചതുപോലെ കാണപ്പെടുന്ന വിശാലമായ നെൽപ്പാടങ്ങളും, തെങ്ങിൻ തോപ്പുകളും, ഭയങ്കര ചൂളങ്ങളും കറുത്ത പുകച്ചുരുളുകളും വമിക്കുന്ന വൻപിച്ച ഫാക്ടറികളും, ആ സ്ഥലത്തിന്റെ പ്രത്യേകതകളായിരുന്നു. വ്യാപാരശാലകളുടെ വിപുലതയും, സായങ്കാലത്തിൽ വിനോദ സവാരികൾക്കിറങ്ങുന്ന സ്ത്രീപുരുഷന്മാരുടെ ബാഹുല്യവും, വാഹനങ്ങളുടെ തിരക്കും ആ സ്ഥലത്തിന്റെ മനോഹാരിതയ്ക്കും, പ്രാധാന്യത്തിനും പ്രത്യക്ഷലക്ഷ്യങ്ങളായിരുന്നു. ആ പട്ടണത്തിൽ നിന്നും അല്പം അകലെ സ്ഥിതിചെയ്തിരുന്ന വിശാലമായ ഒരു ബംഗ്ലാവായിരുന്നു എന്റെ വാസസ്ഥലവും, ഹോസ്പിററലും. ഞാനും, അമ്മയും, ഒരു വേലക്കാരിയും മാത്രമായിരുന്നു വീട്ടിലെ അംഗങ്ങൾ. അവിടത്തെ സകല ജനങ്ങളുടേയും വിശ്വാസ ബഹുമാനാദികൾ ആർജ്ജിക്കുന്ന ഒരു ഡോക്ടറായി ഞാൻ ജീവിതം തുടന്നു.

എന്റെ ബംഗ്ലാവിൽനിന്നും അത്രയകലത്തിലല്ലാതെ ഒരു വലിയ രണ്ടുനിലക്കെട്ടിടവും, അതിന്റെ ചുററുപാടിൽത്തന്നെ ഒരു കയർഫാക്ടറിയും സ്ഥിതിചെയ്തിരുന്നു. അതിന്റെ മാനേജർ ആ നാട്ടിലെ കോടീശ്വരനും, കീർത്തിമാനുമായിരുന്ന സുധാകരൻനായരായിരുന്നു. "പൂമംഗലത്തു കൊച്ചങ്ങുന്നു" എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. അദ്ദേഹവും, ഭാര്യയും അവരുടെ ഏകസന്താനവും കോമളകളേബരയുമായ സുമതിയുമായിരുന്നു ആ കെട്ടിടത്തിലെ പ്രധാനാംഗങ്ങൾ. സ്കൂൾഫൈനൽ ക്ലാസ്സുവരെ പഠിച്ചശേഷം മാതാപിതാക്കന്മാരുടെ ലാളനയേററ് വീട്ടിൽ കഴിഞ്ഞുവന്നിരുന്ന സുമതിയുടെ ആകാരഭംഗി, മറേറതൊരു തരുണീമണിയേയും അടിപണിയിക്കുന്നതായിരുന്നു. പതിനെട്ടാം വയസ്സിലേയ്ക്കു കാലൂന്നിയിരുന്ന അവൾക്ക്, താരുണ്യത്തിനു ചേർന്ന സകല ഗുണവിശേഷങ്ങളും മററു യുവതികൾക്ക് അസൂയ തോന്നുമാറ്, ബ്രഹ്മദേവൻ സംഭാവന ചെയ്തിരുന്നു.

അങ്ങനെയിരിക്കെ, എന്നെ ഒരു ദിവസം സുമതിതന്നെയാണ്, സുഖമില്ലാതെ കിടക്കുന്ന അവളുടെ അച്ഛന്റെ അടുക്കലേയ്ക്കു് അവരുടെ കാറിൽ വിളിച്ചുകൊണ്ടുപോയത്. പ്രഥമവീക്ഷണത്തിൽതന്നെ ഞങ്ങൾക്കിരുവർക്കും പരസ്പരം അനുരാഗം ജനിച്ചതിൽ അവിവാഹിതരും ചേർച്ചയുള്ളവരുമായ ഞങ്ങൾ കുററക്കാരല്ല

ല്ലോ. പലപ്പോഴും അനുരാഗ നദിയുടെ പ്രവാഹത്തെ തടയുന്ന ജാതിഭേദമാകുന്ന അണക്കെട്ടിന് ഞങ്ങളെ വിലക്കുന്നതിനു സന്ദർഭം കിട്ടിയതുമില്ല. അങ്ങനെ മതം, സൗന്ദര്യം, ധനം എന്നിവകൊണ്ട് ഞങ്ങൾ അനുരൂപ ദമ്പതികൾ തന്നെയായിരുന്നു.

സുധാകരൻനായരെ ഞാൻ അനുദിനം സന്ദർശിച്ച് രോഗസ്ഥിതികൾ അന്വേഷിക്കുമായിരുന്നു. അങ്ങനെ ദിനംതോറുമുള്ള എൻെറ പുറപ്പാടിൻെറ ഫലമായി, ഞാനും സുമതിയും തമ്മിലുള്ള പ്രേമം കൂടുതൽ കൂടുതൽ അടുക്കുവാൻ തുടങ്ങി. അവളുടെ ഗൃഹത്തിനു പുറകിലുള്ള മനോമോഹനമായ ഉദ്യാനത്തിൽവച്ചു ഞങ്ങൾ, പരസ്പരം ആശയങ്ങൾ കൈമാറി. ഒരു ദിവസം മനോഹരമായ സന്ധ്യാസമയത്ത് ഉദിച്ചുവരുന്ന ചന്ദ്രനെ സാക്ഷിയാക്കി, കുളിർമ നൽകുന്ന ആ പൂന്തോപ്പിൽവച്ച് അവൾ എന്നോടു വാഗ്ദാനം ചെയ്തു:—"സുകു, അങ്ങയെയല്ലാതെ മററാരെയും ഭർത്താവായിക്കിട്ടിയാൽ ഞാൻ ജീവിക്കുകയില്ല......എൻെറ ജീവിതം ഞാൻ അങ്ങേയ്ക്കായി സമർപ്പിച്ചിരിക്കുന്നു." എന്ന്.

നാളുകൾ മുറയ്ക്കു മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. ആ സ്ഥലത്തുണ്ടായിരുന്ന ഫാക്ടറികളിൽ തൊഴിലാളിവിപ്ലവം പൊട്ടിപ്പുറപ്പെട്ടു. സുധാകരൻനായരുടെ ഫാക്ടറിയും അതിൽനിന്നും രക്ഷ പ്രാപിച്ചില്ല. എനിക്ക് എന്തോ! തൊഴിലാളികളോടൊരു മമത. അവരുടെ അവകാശവാദങ്ങൾ ശരിയാണെന്നൊരു തോന്നൽ. ഞാൻ അവർക്ക് ഹാർദ്ദവമായ പിൻതുണ നൽകി. അവരുടെ നേതൃത്വം ഏറെറടുത്തവരിൽ ഞാനും ഉൾപ്പെട്ടു. അക്കാരണത്താൽ ഫാക്ടറി ഉടമസ്ഥന്മാർ, പ്രത്യേകിച്ചും ഗോപാലൻ നായർ എന്നെ അതിയായി വെറുത്തു. അദ്ദേഹത്തിൻെറ ബദ്ധ വൈരിയായി എന്നെ മുദ്രയടിച്ചു. വിപ്ലവം മൂർദ്ധന്യാവസ്ഥയിലെത്തി. ഞാൻ എൻെറ മാതാവിനെ സ്വദേശത്തിൽ കൊണ്ടുപോയി താമസിപ്പിച്ചു. വിപ്ലവനേതാക്കന്മാരെ അറസ്ററു ചെയ്ത കൂട്ടത്തിൽ നിയമഹസ്തം എന്നെയും കൈവെടിഞ്ഞില്ല. ആറു വർഷത്തേയ്ക്കു കഠിനശിക്ഷ വിധിക്കപ്പെട്ട ഞാൻ ഇരുമ്പഴികൾക്കുള്ളിൽ, സുമതിയുടെ വാഗ്ദാനങ്ങളെയും വിചാരിച്ചുകൊണ്ടു കഴിഞ്ഞുകൂടി. സുമതിയെക്കുറിച്ച് ഓക്കാത്തതും, അവളെ സ്വപ്നം കാണാത്തതുമായ ദിനങ്ങൾ എന്നെ സംബന്ധിച്ചിടത്തോളം തുലോം വിരളമായിരുന്നു.

നീണ്ട, ആറു വർഷങ്ങൾ ഇഴഞ്ഞിഴഞ്ഞു നീങ്ങി. പോലീസുദ്യോഗസ്ഥന്മാരുടെ താഡനങ്ങളേററ എനിക്ക് അതിയായ ക്ഷീണമുണ്ടായിരുന്നു. വിമുക്തനായി സ്വദേശത്തെത്തിയ എന്നെ എൻെറ അരുമമാതാവ് കണ്ണീരോടുകൂടി പുണർന്നു. ഞാൻ സുമതിയെ ചെന്നുകാണുവാൻ ആഗ്രഹിച്ചെങ്കിലും തൽക്കാലം അഭിമാനം എന്നെ അതിനനുവദിച്ചില്ല. സുമതി എനിക്കുവേണ്ടി കാത്തിരിക്കുമെന്ന് ആത്മാർത്ഥമായി വിശ്വസിച്ചുകൊണ്ട് ഞാൻ കഴിഞ്ഞുകൂടി. സ്വദേശത്ത് ഉന്നത നിലയിൽ ഒരു ഹോസ്പിററൽ സ്ഥാപിക്കുവാൻ എനിക്കു സാധിച്ചു. നീണ്ട ആറു കൊല്ലക്കാലംകൊണ്ട് എൻെറ സ്വദേശം ഒരു പരിഷ്കൃത പട്ടണമായി രൂപാന്തരപ്പെട്ടു. സമർത്ഥന്മാരായ ഡോക്ടറന്മാരുടെ കുറവുമൂലം ജനങ്ങളുടെ ഇടയിൽ എനിക്ക് നല്ല ഒരു സ്ഥാനം ലഭിച്ചു. കൈപ്പുണ്യം സിദ്ധിച്ച ഒരു ഡോക്ടറാണെന്ന് നാട്ടുകാർ എന്നെ അഭിമാനപൂർവം കൊണ്ടാടി.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

മാസങ്ങൾ രണ്ടു കഴിഞ്ഞു. ഒരു ദിവസം രാവിലെ എൻെറ ഹോസ്റ്റററലിൻെറ പടിക്കൽ ഒരു കാർ വന്നു നിന്നു. അതിലെ ഡ്രൈവർ എന്നെ സമീപിച്ച് സ്ഥലത്തെ പോലീസ് ഇൻസ്പെക്ടർ സുഖമില്ലാതെ കിടക്കുന്നുവെന്നും, അതിനാൽഞാൻ അദ്ദേഹത്തിൻെറ ഗൃഹത്തിലേയ്ക്കു ചെല്ലണമെന്നും അറിയിച്ചു. ഇൻസ്പെക്ടരുടെ രോഗവിവരങ്ങൾ ഡ്രൈവറിൽനിന്നും മനസ്സിലാക്കിയ ഞാൻ പലതരം മരുന്നുകളും, സാധനസാമഗ്രികളും ഉൾപ്പെടുന്ന ബാഗുമായി കാറിൽ കയറി സ്ഥലംവിട്ടു.

മനോഹരമായ ഒരു ബംഗ്ലാവിലെ വിശാലമായ ഒരു മുറിയിൽ സുന്ദരനായ ഇൻസ്പെക്ടർ ശയിക്കുകയാണ്. ഞാൻ അദ്ദേഹത്തിൻെറ മുഖത്തേയ്ക്കു സൂക്ഷിച്ചു നോക്കി. അതേ! അതു് ആ ക്രൂരൻതന്നെയായിരുന്നു. ജയിലിൽവച്ച് എന്നെ നിർദ്ദയം മർദ്ദിച്ച് എൻെറ തല തല്ലിപ്പൊളിച്ച ആ ക്രൂരൻ തന്നെ. ഞാൻ ശാന്തനായി. അദ്ദേഹത്തെ ഒന്നുകൂടി സൂക്ഷിച്ചുനോക്കി. ഉഗ്രരോഗത്തിനുപോലും അദ്ദേഹത്തിൻെറ സുസ്മേര വദനത്തിൽ കളങ്കം ചാർത്തുവാൻ കഴിഞ്ഞിരുന്നില്ല. പക്ഷേ, നിയമപരമായി ശിക്ഷിക്കുവാൻ അടുക്കുമ്പോൾ അദ്ദേഹം എങ്ങനെയാണ് ഒരു മൃഗമായി മാറിയിരുന്നതെന്നു വിചാരിച്ച് ഞാൻ ആശ്ചര്യപ്പെട്ടു.

അദ്ദേഹത്തിൻെറ സമീപം സുന്ദരിയായ ഒരു സ്ത്രീ കുനിഞ്ഞുനിന്നുകൊണ്ടു് രോഗവിവരങ്ങൾ അന്വേഷിക്കുന്നുണ്ടായിരുന്നു. അവളുടെ മുഖം കാണുവാൻ എനിക്കു സാധിച്ചില്ല. അവൾ രോഗിയുടെ ഭാര്യയായിരിക്കാമെന്നു് ഞാൻ ഊഹിച്ചു. ഡാക്ടറായ ഞാൻ എൻെറ കർത്തവ്യം നോക്കുന്നതിനു പകരം മററു കാര്യങ്ങൾ അറിയാൻ ആഗ്രഹിക്കേണ്ടതില്ലല്ലോ. മൂന്നു വയസ്സു പ്രായം വരുന്ന കോമളനായ ഒരു ബാലനും അച്ഛനെ വീക്ഷിച്ചുകൊണ്ടു് യാതൊന്നും മനസ്സിലാകാത്തവനെപ്പോലെ അവിടെ നിൽക്കുന്നുണ്ടായിരുന്നു.

രോഗിയെ സസൂക്ഷ്മം പരിശോധിച്ചശേഷം 'പെൻസിലിൻ' കുത്തിവയ്ക്കുവാൻ ഞാൻ അടുത്തു. "ഇദ്ദേഹത്തിൻെറ കൈയിൽ ആരെങ്കിലും ഒന്നു പിടിക്കണം" എന്നു് ഞാൻ ഡ്രൈവറെ നോക്കിക്കൊണ്ടു പറഞ്ഞു. അപ്പോൾ രോഗിയുടെ വാത്സല്യഭാജനമായ ആ സ്ത്രീരത്നംതന്നെ അതിനു തയ്യാറായി. ഞാൻ അവളുടെ മുഖത്തേക്കൊന്നു നോക്കി. ഹാ! എന്തൊരു മാററമാണ് അപ്പോൾ എന്നിൽ ഉണ്ടായതു്! എൻെറ സകല നാഡികളും പ്രവർത്തനരഹിതങ്ങളായതുപോലെ എനിക്കു തോന്നി. ബോധഹീനനായി വീണുപോകുമോ എന്നുപോലും ഞാൻ ഭയപ്പെട്ടു. എൻെറ തലയ്ക്കകത്തു് വലിയ ഒരു മൂളൽ, ഒരു ഇരമ്പൽ. ഞാൻ ധൈര്യമവലംബിച്ചുകൊണ്ടു് അവളുടെ മുഖത്തേയ്ക്കൊന്നുകൂടി നോക്കി. അതേ! അതവൾ തന്നെ; എനിക്കു് അയ്യായിരം വാഗ്ദാനങ്ങൾ നൽകിയ എൻെറ ആശാകേന്ദ്രം സുമതി! ഇൻസ്പെക്ടർ പ്രജ്ഞയററു കിടക്കുകയാണ്. ഞാൻ ഇൻജക്ഷനുവേണ്ടി എടുത്ത മരുന്നിലും, രോഗിയുടെ മുഖത്തും മാറിമാറി നോക്കിയശേഷം ആ മരുന്നു് അദ്ദേഹത്തിൻെറ രോഗത്തിനു മതിയാവുന്നതല്ലെന്ന ഭാവത്തിൽ തിരികെ നടന്നു. ഒരു മനുഷ്യൻെറ മരണത്തിനു് തികച്ചും പര്യാപ്തമായ വേറൊരു മരുന്നു് സ്രിഞ്ചിൽ നിറച്ചുംകൊണ്ടു് വീണ്ടും ഞാൻ രോഗിയെ സമീപിച്ചു. അങ്ങനെ, എന്നെ നിർദ്ദയമായി മർദ്ദിച്ച ആ നീതിപാലകനെ, എൻെറ ആശാകേന്ദ്രത്തെ തട്ടിയെടുത്ത ആ

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ഘാതകനെ, എന്നെ രണ്ടുവിധത്തിൽ ദ്രോഹിച്ച ആ നിഷ്ഠൂരഹൃദയനെ പരലോകത്തിലേയ്ക്കു പറഞ്ഞയച്ച്, എന്നെ വഞ്ചിച്ച കാപട്യത്തിന്റെയും വഞ്ചനയുടെയും പര്യായമായ സുമതിയെയും അവളുടെ ഉദരത്തിൽ രൂപംപൂണ്ട ആ പിഞ്ചുപൈതലിനെയും ദുഃഖത്തിന്റെ അടിത്തട്ടിലേയ്ക്കു ചവിട്ടിത്താഴ്ത്തുവാൻ തീരുമാനിച്ചുകൊണ്ട് ഞാൻ വീണ്ടും രോഗിയുടെ കൈയ്ക്കു കടന്നു പിടിച്ചു. ഉടനെ അവൾ എന്റെ മുഖത്തേയ്ക്കു ഒന്നു നോക്കുവാൻ സംഗതിയായി. അതേ! അവൾ ആദ്യമായി എന്റെ മുഖത്തെ വീക്ഷിച്ചതു് അപ്പോൾ മാത്രമായിരുന്നു. അവളുടെ മുഖം വിളറി; ദേഹമാസകലം വിറകൊണ്ടു.

ഞാൻ ആരെന്നു് അവൾ ഗ്രഹിച്ചു. ഒരു നിമിഷം പരിഭ്രാന്തയായി നിന്നതിനു ശേഷം അവൾ എന്റെ കാൽക്കൽ വീണു കരഞ്ഞുകൊണ്ടു പറഞ്ഞു:— "അങ്ങ് എന്റെ തെറ്റുകൾ ക്ഷമിക്കണം. അച്ഛന്റെ ആജ്ഞയനുസരിക്കാതിരിക്കാൻ എനിക്കു തരമില്ലാതെ വന്നു. അങ്ങ് തീർച്ചയായും എന്റെഭർത്താവിന്റെ ജീവനെ രക്ഷിക്കണം. എന്റെയും, എന്റെ കുഞ്ഞിന്റെയും രക്ഷയെയോർത്തു്, സുഖത്തെയോർത്തു് അങ്ങ് ധർമ്മം ആചരിക്കണം. ഞാൻ അങ്ങയോടു യാചിക്കുകയാണു്. അപേക്ഷിക്കുകയാണു്"

പെട്ടെന്നെന്റെ മനസ്സിൽ ഒരു മിന്നൽപ്പിണർ പാഞ്ഞു. അതിൽനിന്നും ചില ചിന്തകൾ പൊട്ടിപ്പുറപ്പെട്ടു:—

"എന്നെ പ്രേമിച്ച സുമതിയുടെ അച്ഛനെതിരായി ഞാൻ വിപ്ലകാരിയായതു് ശരിയോ തെറ്റോ?"

"തന്റെ വാത്സല്യനിധിയായ അച്ഛന്റെ അഭിഗ്രഹമനുസരിച്ചു് അവൾ ആ ഇൻസ്പെക്ടറെ വരിച്ചതു് ശരിയോ തെറ്റോ?"

"പ്രതികാരമനോഭാവം ഉടലെടുത്ത ഞാൻ അവളുടെ സ്വപ്നസമമായ ഭർത്താവിനെ വധിച്ചു് അവളെയും അവളുടെ ഓമന മകനേയും തീരാദുഃഖത്തിലാഴ്ത്തുന്നതു ശരിയോ തെറ്റോ?"

"നീതി നടത്താൻ നിയമിതനായ അദ്ദേഹം വിപ്ലവകാരിയായ എന്നെ നിയമാനുസൃതമായി ജയിലിൽവച്ചു ശിക്ഷിച്ചതു് അദ്ദേഹത്തിന്റെ കൃത്യനിർവ്വഹണം മാത്രമായിരുന്നില്ലേ?"

"എന്റെ കാൽക്കൽ വീണു വിലപിക്കുന്ന സാധുസ്ത്രീയുടെ അപേക്ഷയെ നിരസിക്കുന്നതു് ശരിയോ തെറ്റോ?

ഞാൻ അവസാനമായി തീരുമാനിച്ചു. ആ വധൂവരന്മാർ പ്രവർത്തിച്ചതും പ്രവർത്തിക്കുന്നതുമെല്ലാം ശരിയും, ഞാൻ പ്രവർത്തിച്ചതും പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നതും തെററുമാണെന്നു്.

അങ്ങനെ ഒരു നിമിഷനേരത്തേയ്ക്കു് ഒരു ഘോരരാക്ഷസനായി രൂപാന്തരപ്പെട്ട എന്നിൽ, സന്മാർഗ്ഗപരമായ ഒരു മനുഷ്യ

സ്വഭാവം ഉടലെടുത്തു. എന്റെ ആശാവല്ലരിയായിരുന്ന സുമതി സുഖമായി വാഴട്ടെ എന്നു ഞാൻ ഒടുവിൽ തീരുമാനിച്ചു. അതേ, ആ മാതാവ് സൗഭാഗ്യപൂർണ്ണയായി ജീവിക്കുന്നതു കാണാൻതന്നെ ഞാൻ കൊതിച്ചു. അവളുടെ ഭർത്താവായ ഇൻസ്പെക്ടറുടെ ജീവനെ രക്ഷിക്കുമെന്ന് മനസ്സിൽ ശപഥം ചെയ്തുകൊണ്ട് ഞാൻ സുമതിയുടെ മുഖത്തേയ്ക്കൊന്നു കൂടി നോക്കി. ആകാംക്ഷാഭരിതവും ശോകസങ്കുലവുമായ അവളുടെ മുഖം ഞാൻ ശരിക്കു കണ്ടു. എന്റെ കൈയിലിരുന്ന വിഷം നിറച്ച ആ ഗ്ലാസ്സ് ഞാൻ അറിയാതെതന്നെ തറയിൽ വീണു പൊട്ടിത്തകർന്നു. ഞാൻ വീണ്ടും മരുന്നുകൾ സൂക്ഷിച്ചിരുന്ന ബാഗിനെ സമീപിച്ചു.

അങ്ങനെ, അവസാനത്തിൽ ആതുരശുശ്രൂഷയെ മാത്രം ലക്ഷ്യമാക്കിക്കഴിയുന്ന ഒരു ആദർശവാനായ ഡോക്ടറായി രൂപാന്തരം പ്രാപിച്ച്, ഞാൻ സന്തുഷ്ടിയോടെ അവിടെനിന്നു മടങ്ങി.

---

സ്വർഗ്ഗശ്രീപരിതനാഗ്രത്തിൽ നക്ഷത്ര —
മാർഗ്ഗത്തിൽ പൊന്തുന്ന പൊൻമലരും
പാതാളം പുൽകിയൊഴുകും പുഴയുടെ
ശീതളതീര തൃണ സുമവും
ഒന്നുപോൽ പുൽകുന്ന ദിവ്യമഹസ്സേ! നീ
തന്നെയാണെന്നെന്നുമെന്റെ ദൈവം.

—എൻ. ഗോപാലപിള്ള.



ST. PHILOMENA.
Staged on Pax Romana Day.



മുഖം മൂടികൾ,
Staged by the Dramatic Club.



Drama—"Proposal" by Chekhov.



*Sri.* V. O. Koshy,
Best Photographer, 1953-54.

# ധൂമകേതുക്കളും ഉല്കാപതനവും

*Joseph Thomas II U. C.*

ജ്വലിക്കുന്ന വാലോടുകൂടിയ തിളങ്ങുന്ന നക്ഷത്രങ്ങളുടെ അപ്രതീക്ഷിതമായ ഉദയം പലപ്പോഴും നമ്മുടെ പൂർവ്വികന്മാരുടെ ഹൃദയങ്ങളിൽ അത്ഭുതവും ഭയവും കലർന്ന വികാരങ്ങളുണ്ടാക്കിയിട്ടുണ്ട്. യുദ്ധത്തിന്റെയും, ക്ഷാമത്തിന്റെയും, നാശങ്ങളുടെയും മുന്നോടിയായിട്ടാണ് ധൂമകേതുക്കളെ പലരും കണക്കാക്കുന്നത്. "ദൈവമേ! ഞങ്ങളെ പിശാചിൽനിന്നും തുർക്കികളിൽനിന്നും (From the Turks) ധൂമകേതുവിൽനിന്നും രക്ഷിക്കണേ" എന്ന പ്രാർത്ഥന 1456—ൽ ധൂമകേതു ഉദിച്ചപ്പോൾ യൂറോപ്പിലെ ജനങ്ങളിൽനിന്നുയർന്നു.

ഈ അത്ഭുതതേജോവാഹികളുടെ ഉത്ഭവത്തെപ്പററിയോ മാർഗ്ഗത്തെപ്പററിയോ ശരിയായ അറിവ് ഇതുവരെ ലഭിച്ചിട്ടില്ലെങ്കിലും ഇവയെപ്പററിയുള്ള അന്ധവിശ്വാസങ്ങൾ ഒട്ടുമുക്കാലും ഇപ്പോൾ ജനങ്ങളിൽനിന്നു നീങ്ങിയിട്ടുണ്ടെന്നു പറയാം. ധൂമകേതുവിന്റെ മിക്കവാറും ഭാഗം ജ്വലിക്കുന്ന വാതകമാണെന്ന് Spectroscope തെളിയിച്ചിട്ടുണ്ട്. നക്ഷത്രം പോലെയുള്ള ഭാഗത്തിന്റെ മദ്ധ്യത്തിൽ മാത്രമേ ഖരപദാർത്ഥമുള്ളു എന്നും, ബാക്കി ഭാഗം വാതകമാണെന്നുമാണ് ചിലരുടെ അഭിപ്രായം. പ്രകാശിക്കുന്ന കോസ്മിക് ഡസ്ററുകൊണ്ട് (Cosmic dust) പൊതിയപ്പെട്ട ന്യൂക്ലിയസ്സാണ് (Nucleus) ധൂമകേതുവെന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്.

സൂര്യനോടടുക്കുന്നതുവരെ ധൂമകേതുവിന് വാലുണ്ടാകുന്നില്ലെന്നുള്ളതാണ് അത്ഭുതകരമായ ഒരു പ്രത്യേക. സൂര്യനിലേക്കുള്ള യാത്രയിൽ അതിന്റെ വാല് നക്ഷത്രത്തിന്റെ പിൻപിലും സൂര്യനിൽ നിന്നകലുമ്പോൾ വാല് മുൻപിലുമായിരിക്കും. സൂര്യനും ധൂമകേതുവിന്റെ ചുററുപാടുമുള്ള കോസ്മിക്ഡസ്ററും ഒരുപോലെ നെഗററീവ് ചാർജ്ജുള്ളവയാണെന്നും തന്മൂലം ഈ പ്രകാശിക്കുന്ന ധൂളിപടലം സൂര്യനിൽനിന്നു വികർഷിച്ചു വാലായിട്ടു തീരുന്നു എന്നുമാണ് ഒരഭിപ്രായം. സൂര്യന്റെ പ്രകാശസമ്മർദ്ദമാണിതിനു കാരണമെന്ന് പ്രൊഫസർ പിക്കാർഡും (Pickard) പറയുന്നു.

സുപ്രസിദ്ധമായ Halley's Comet 1910—ൽ ആണ് അവസാനം ഉദിച്ചത്. 240 ബി. സി. മുതൽ ഈ നക്ഷത്രത്തെപ്പററി ജനങ്ങൾക്ക് അറിയാമായിരുന്നു. ഏകദേശം 76 കൊല്ലം ഇടവിട്ടാണ് ഈ നക്ഷത്രം ഭൂമിയോടടുത്തു വരുന്നത്. അവസാനത്തെ പ്രാവശ്യം (1910—ൽ) Halley's Comet ഉദിച്ചപ്പോൾ മുൻപുണ്ടായിരുന്നിടത്തോളം പ്ര

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

കാശം അതിനില്ലായിരുന്നു. അതിന്റെ ഒരു പ്രധാന ഭാഗം ശൂന്യതയിൽക്കൂടിയുള്ള യാത്രയിൽ പൊട്ടിത്തെറിച്ചു പോയെന്നുവേണം വിചാരിക്കാൻ. 1986—ൽ Halley's Comet—ന്റെ അടുത്ത ഉദയം നമുക്കു പ്രതീക്ഷിക്കാവുന്നതാണെപോലും.

ഏകദേശം ധൂമകേതുക്കളുടെ മാർഗ്ഗം ഭൂമിയുടെ പ്രദക്ഷിണ പഥത്തിൽക്കൂടിയാണെന്നു കണക്കാക്കപ്പെട്ടിട്ടുണ്ട്. 1882-ൽ ഉദിച്ച വാൽനക്ഷത്രം പോലെ, സെക്കൻഡിൽ 4000 മൈൽ വേഗത്തിൽ സഞ്ചരിക്കുന്ന ഏതെങ്കിലും ഒരു ധൂമകേതു ഭൂമിയുമായി കൂട്ടിമുട്ടിയാലുണ്ടാകാവുന്ന അവസ്ഥ ഭാവനയിലും കാണാൻ പ്രയാസമാണ്. ഏകദേശം ഭൂമിയോളം ഭാരമുള്ള ധൂമകേതുവാണു മുട്ടുന്നതെങ്കിൽ അടുത്ത ക്ഷണത്തിൽ ഭൂമിയും അതിനോടുകൂടി എരിഞ്ഞ് ലഘുവായ ഹൈഡ്രജൻ തന്മാത്രകളായി മാറിപ്പോകും. കോടാനുകോടി വത്സരങ്ങൾക്കുശേഷം, ആ തന്മാത്രകൾ ഒരുമിച്ചു ചേർന്ന്, ഒരു കേന്ദ്രത്തിനു (Central necleus) ചുറ്റുപാടും ഭ്രമണം ചെയ്ത്, അവസാനം ഒരു തേജോഗോളമായിത്തീർന്നെന്നും വരാം.

വലിയ ധൂമകേതുക്കൾ ഭൂമിയുമായി കൂട്ടിമുട്ടിയിട്ടില്ലെങ്കിലും അവയുടെ ഭാഗങ്ങളെന്നു വിശ്വസിക്കപ്പെടുന്ന ഉല്‌കകൾ ജ്വലിക്കുന്ന ഭീകരതപോലെ പലപ്പോഴും ഭൂമിയിൽ എത്തിയിട്ടുണ്ട്.

1833 നവംബർ പന്ത്രണ്ടാം തീയതി രാത്രി മുഴുവൻ വടക്കെ അമേരിക്കയിലെ അന്തരീക്ഷം പറക്കുന്ന നക്ഷത്രങ്ങൾ കൊണ്ടു നിറഞ്ഞിരുന്നു. ലോകാവസാനത്തിലെ, നക്ഷത്രങ്ങളുടെ ഭൂമിയിലേക്കുള്ള വീഴ്ചയാണ് അത് എന്ന് അന്നു പലരും വിചാരിച്ചുപോയി.

1908 ജൂൺ 30—ാം നു- കൃഷിക്കാരനായ സെമനോവ് ( Semanov ) മധ്യസൈബീരിയായിൽ തന്റെ വീട്ടിന്റെ തിണ്ണയിൽ ഇരിക്കയായിരുന്നു. ആ സമയം പടിഞ്ഞാറേ ചക്രവാളത്തോടടുത്ത് നീലനിറത്തിലുള്ള അഗ്നിമയമായ ഒരു ഗോളം ഉരുണ്ടുപോകുന്നത് അയാൾ കണ്ടു. 50 മൈൽ അകലെയുള്ള വനത്തിലാണ് ആ അഗ്നിഗോളം വീണത്. പെട്ടെന്ന് ഭയാനകമായ അലർച്ചയോടുകൂടി ഒരഗ്നിജ്വാല ആ സ്ഥലത്തുനിന്ന് ആകാശത്തേയ്ക്ക് ഉയർന്നു. തുടർന്നുണ്ടായ വായുപ്രവാഹംമൂലം 50 മൈൽ അകലെയിരുന്ന സെമനോവിനു അയാളുടെ വസ്ത്രത്തിനു തീ പിടിച്ചോ എന്നപോലെ ഒരനുഭവമുണ്ടായി. അടുത്ത ക്ഷണത്തിൽ അയാൾ ദൂരത്തിലേക്കെറിയപ്പെട്ടു. ഉണർന്നെഴുന്നേററപ്പോൾ അല്പനേരത്തേയ്ക്ക് അയാൾക്ക് ബോധമുണ്ടായിരുന്നില്ല. ചുററുംനിന്നിരുന്ന മരങ്ങൾ നിലംപററി കിടക്കുന്നതാണയാൾ കണ്ടത്. വനത്തിൽ മേഞ്ഞുകൊണ്ടിരുന്ന 1500 റയിൻഡീയറുകളിൽ ചിലതിന്റെ എരിഞ്ഞ അവശിഷ്ടങ്ങൾ ദൂരെ ചിലടത്ത് തെറിച്ചു കിടന്നിരുന്നു. 400 മൈൽ അകലെ Trans Sibirian railway—ൽക്കൂടി ഓടിക്കൊണ്ടിരുന്ന ഒരു ട്രെയിൻ നിറുത്തപ്പെടാതിരുന്നെങ്കിൽ കാററിന്റെ ശക്തികൊണ്ടു് അതു് മറിഞ്ഞുപോകുമായിരുന്നു. 400 മൈൽ അകലെയുള്ള ലണ്ടനിൽപ്പോലും വായുവിലുണ്ടായ ചലനം അങ്ങനെ രേഖപ്പെടുത്താൻ സാധിച്ചു.

ഭൂമിയിലേക്കു പാഞ്ഞുവരുന്ന ഉല്‌കയുടെ മുൻപിലുണ്ടായിരുന്ന മട്ടിക്കപ്പെട്ട

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

വായു നിർമ്മിച്ച രണ്ടു മൈൽ വിസ്താരമുള്ള ഒരു കുഴി ഇന്നും കാണ്മാനുണ്ട്. ആ അഗാധഗർത്തത്തിൽക്കൂടിയാണ് ഉല്കയുടെ ഭാഗങ്ങൾ ഭൂമിയിൽ തുളഞ്ഞുകയറിയത്. മർദ്ദിക്കപ്പെട്ട വായു വികസിച്ചുണ്ടായ പൊള്ളുന്ന കാററിൽ, ഭീമാകാരങ്ങളായ പൈൻവൃക്ഷങ്ങൾ വിശറിപോലെ, നാലുഭാഗങ്ങളിലും ഒടിഞ്ഞു നിലത്തു ചേർന്നുകിടന്നിരുന്നു. റവുമുള്ള കരിഞ്ഞ കുററികൾ ജീവലോകത്തെ അധിക്ഷേപിച്ചുകൊണ്ടു് ഇന്നും നിൽക്കുന്നുമുണ്ട്.

1908 ജൂൺ 30—ാം തീയതി ഭൂമിയോടു വളരെ അടുത്തുവന്ന പോൺസ്-ബിന്നെക്സ് കോമററിൽ (Pons binnex Comet) നിന്നു് വേർപെട്ട ഒരു ഭാഗമായിരിക്കാം സൈബീരിയയിൽ വീണതു്.

നിക്കൽ, ഇരുമ്പു് ഈ ലോഹങ്ങൾ പ്രധാനമായി അടങ്ങിയതും പത്തു ലക്ഷത്തിലധികം ടൺ ഭാരമുള്ളതുമായ ഒരു ഉല്ക്ക 5000 കൊല്ലങ്ങൾക്കുമുമ്പു് ആരിസോണാമരുഭൂമിയിൽ വീണു. ജ്വലിക്കുന്ന വാലോടുകൂടി അലറിപ്പാഞ്ഞു വന്ന ആ തേജോഗോളം 2400 അടി പാറ ധൂളിയാക്കിക്കൊണ്ടു് ഭൂമിയിലേക്കു താണു. 160 വരെ അടി ഉയരമുള്ള വക്കോടുകൂടിയതും 1300 അടി ആഴമുള്ളതുമായ ഒരു ഭയങ്കര ഗർത്തം ഇന്നും അവിടെ കാണുന്നുണ്ട്. ആരിസോണായുടെ ചുററുപാടും താമസിക്കുന്ന Hopi Indians ഇന്നും പറയും, പണ്ടൊരിക്കൽ അഗ്നിയുടെ ദേവൻ നക്ഷത്രങ്ങൾക്കപ്പുറത്തു നിന്നിറങ്ങി, ജ്വലിക്കുന്ന കോപത്തോടുകൂടി ഭൂമിയിൽ പ്രവേശിച്ചെന്നു്.

വടക്കെ അമേരിക്കയിൽ അററ്ലാൻറിക് തീരത്തുള്ള ഏതോ താഴ്ന്ന സ്ഥലങ്ങൾ ഒരുകാലത്തു വന്നു വീണ ധൂമകതു മൂലമുണ്ടായതാണെന്നു് പല ഭൂശാസ്ത്രജ്ഞന്മാരും സമ്മതിക്കുന്നുണ്ട്. അതു വടക്കുപടിഞ്ഞാറുനിന്നു വന്നു എന്നാണു് പറയുന്നതു്. ആൽബർട്ടായുടെയും, നോർത്തുഡക്കോട്ടയുടെയും, മിന്നസോട്ടായുടെയും മുകളിൽക്കൂടിയാണുപോലും അതു വന്നതു്. ഇല്ലിനോയിസിന്റെ മുകളിലായപ്പോഴേക്കു് ആ അഗ്നിഗോളത്തിനു മുൻപിലുണ്ടായിരുന്ന മർദ്ദിക്കപ്പെട്ട വായു, കതിരുവന്ന നെൽച്ചെടികളെ എന്നപോലെ വൻകാടുകളെ നിശ്ശേഷം നശിപ്പിക്കുകയുണ്ടായി. പർവ്വതങ്ങളിലെ പാറകളെ ഉരുക്കിക്കൊണ്ടു് അതു മുൻപോട്ടു പാഞ്ഞു. 144000 മൈൽ വേഗത്തിൽ അതു സഞ്ചരിച്ചിരിക്കണം. ആ നക്ഷത്രസമൂഹം വെർജീനിയായുടെയും ജോർജീയായുടെയും ഇടയ്ക്കു്, വിറച്ചുകൊണ്ടിരുന്ന ഭൂമിയിൽ മൈലുകൾ കണക്കിനു് ആഴത്തിലേക്കു താണു. അന്നു് 400 മൈൽ വിസ്താരമുള്ള ഭൂവിഭാഗത്തു് ഉൽക്കകളുടെ ഒരു സമൂഹം ചിതറി വീഴുകയാണു ചെയ്തതു്.

ഈ ഭയങ്കര സംഭവം കാണുന്ന ആളിനു്, അയാൾ ജീവിച്ചിരിക്കാവുന്ന ഒരു സെക്കൻഡിന്റെ അല്പ നേരത്തേയ്ക്കു് ബ്രഹ്മാണ്ഡം മുഴുവൻ എരിഞ്ഞു നശിക്കുക

യാണെന്നു തോന്നുമായിരുന്നു. ഭാവനയിൽ മാത്രമേ നമുക്കതു കാണാൻ സാധിക്കൂ. കണ്ണും ചെവിയും പൊട്ടിക്കുന്ന ആ കലാപത്തോടുകൂടി, ജ്വലിക്കുന്ന വാളുപോലെ അലറുന്ന അഗ്നി, നക്ഷത്രത്തിലേക്കുയർന്നിരിക്കണം. അനേകം ദിവസങ്ങൾകൊണ്ടായിരിക്കണം പൊടിപടലവും ഇരുണ്ട ധൂമച്ചുരുളുകളും അപ്രത്യക്ഷമായതു്. എരിഞ്ഞുനശിച്ച ഭൂമിയിൽ ജീവന്റെ യാതൊരംശവും ശേഷിച്ചിരുന്നിരിക്കയില്ല. ആയിരക്കണക്കിനടി ആഴമുള്ള കുഴികളിൽ നീറി അടങ്ങിക്കൊണ്ടിരുന്ന നക്ഷത്രഭാഗങ്ങളിൽനിന്നു് ഉയർന്ന ആവിയുടെയും പുകയുടെയുമല്ലാതെ യാതൊന്നിന്റെയും ചലനം അനേകം നാളത്തേക്കു് അവിടെ ഉണ്ടായിരുന്നിരിക്കയുമില്ല.

മാരകായുധങ്ങൾ സൃഷ്ടിക്കുന്നതിൽ ദത്തശ്രദ്ധരായിരിക്കുന്ന ആധുനിക ലോകത്തിനു് വിഭാവനം ചെയ്യാൻ സാധിക്കാത്ത വിനാശശക്തി, വായുമണ്ഡലത്തിനു പ്പുറത്തുള്ള ശൂന്യതയിൽക്കൂടി നിശ്ശബ്ദമായി പാഞ്ഞുപോകുന്നുണ്ടെന്നു്, അററ്ലാൻറിക് തീരത്തുള്ള അഗാധ ഗർത്തങ്ങൾ, പ്രകൃതിയുടെ ഭാഷയിൽ മനുഷ്യനോടു പറയുന്നുണ്ടു്.

---

"വികാരാംശത്തെ ശരിയാംവണ്ണം ആസ്വദിക്കുന്നതിനു സഹായകമായി നിൽക്കുന്നതേതോ, ഗദ്യമാകട്ടെ പദ്യമാകട്ടെ, അതാണു് ഉത്തമകാവ്യം."

ജി. വി.

# ദിവ്യദർശനം.

*R. Gopinatha Pillai I U. C.*

ഹൃത്തടത്തിലുരുക്കും വികാരവും
ഭാവനയുംതിളച്ചുപൊങ്ങിടവേ,

തുംഗമോദമെടുത്തുപുറത്തുഞാൻ
ഭംഗിയിലതുവാക്കാൻതുടങ്ങവേ,

കഷ്ടമയ്യോ!പൊടിഞ്ഞുതകർന്നുപോയ്
നഷ്ടമായതുകിട്ടീലൊരംശവും.

എത്രയെത്രയകലെക്കിടന്നതാം
ഭാവനയുംവികാരവുമൊന്നാക്കി,

എത്രസൂക്ഷ്മമായ്ഞാൻ ഹൃത്താംമൂശയിൽ
ഭദ്രമായിനിരത്തിസ്സന്തോഷമായ്.

ചിന്തയാംതീകൊടുത്തഥഹൃത്തിനെ
ശാന്തമായിതപിപ്പിച്ചുവേഗത്തിൽ

ഇത്തരത്തിൽതിളച്ചതാമക്കരു—
വാണുഭിന്നമായ്പോയതുസത്വരം.

ദുഃഖസന്തപ്തമായമനസ്സുമായ്—
ചെന്നുഞാനിരുന്നാലിൻചുവടതിൽ

പശ്ചിമാംബരഗന്ധംതുടുക്കവേ
അമ്പിളിക്കലയമ്പിലുയരവേ

താരകാളികൾമിന്നിത്തിളങ്ങവേ
ആലിലകളിളകാതിരിക്കവേ

ബാഹ്യലോകംമറന്നുഞാൻമറ്റേതോ
ലോകംതന്നിൽപതുക്കെയുയർന്നുപോയ്.

ഞാനുമെന്നുടെയാത്മാവുമൊന്നായി
ട്ടുന്നതാനന്ദസൗധാഗ്രമേറവേ,
കണ്ണടഞ്ഞുപോയ്സുപ്രഭാപൂരത്താൽ
മണ്ണിലല്ലിതുവിണ്ണിലാണോർക്കണം.

മന്ദമാപ്രഭമാനുഷാകാരമാ [രം
ന്നൊന്നാടിങ്ങനെചൊല്കയായ്സത്വ

"കുഞ്ഞേ!നിൻവ്യഥയെല്ലാമറിഞ്ഞുഞാൻ
സങ്കടംവേണ്ടച്ചെറുവും ധരിക്കനീ

ഭാവനയുംവികാരവുമൊന്നാക്കി
ഹൃത്തടത്തിലുരുക്കാൻതുടങ്ങവേ

മെല്ലവേഹൃദയത്തിൻറ്റൊരംശവും
കൂടിനീയുരുക്കിച്ചേർക്കിൽമുദാ

പിന്നെവീണ്ടുമെടുത്തുവാർത്തീടുകിൽ
ലഭ്യമാകുമുറപ്പാക്കരുവിനു്.

ശോഭയുംഹൃദയാവർജ്ജകതയും
വശ്യശക്തിയുംകിട്ടുമസംശയം"

ഞെട്ടിഞാനും,ഹൃദയമുരുക്കാനോ?
'വയ്യെനിക്കെന്നു'ഞാനുംപറഞ്ഞുപോയ്

അല്ല—എൻറ്റഹൃദയരക്തത്തിലാ—
നന്ദമേവരുംകാൺകിലോഞാൻമുദാ

ഹൃത്തടത്തെമുഴുവനുരുക്കിയീ
ലോകസന്നിധിതന്നിലായ്വച്ചിടാം.

മഞ്ഞുമന്ദംപൊഴിയാൻതുടങ്ങവേ,
വാവലാലിൻതലപ്പിലിളകവേ

നോക്കിവീണ്ടുമാദേവനെ സത്വരം
കണ്ടതില്ലാ,മറഞ്ഞുകഴിഞ്ഞുപോയ്

കണ്ണുരണ്ടുംതിരുമ്മിഞാൻനോക്കുമ്പോൾ
നാലുവാരയുയർന്നുപനിമതി.

---

ചെറുകഥ

# നീറുന്ന സ്മരണകൾ.

**K. M. Chacko IV Bsc.**

വെയിലാറി. ചക്രവാളവും സൂര്യനും തമ്മിലടുക്കാൻ നാലഞ്ചു നകപ്പാട് അകലമേ ഉള്ളു. ശരൽക്കാല സായംസന്ധ്യയുടെ സാമീപ്യത്തിൽ സൂര്യബിംബത്തിൽനിന്ന് തങ്കരശ്മികളുടെ ഛായ വീശിത്തുടങ്ങി. ഉല്ലാസകരമായ ഈ സമയത്ത് ഭാഗ്യവാന്മാർ സായംസവാരിക്കിറങ്ങുക പതിവാണല്ലോ. ആ ദിവസം നടന്ന സംഭവവികാസങ്ങളെപ്പററി ചിന്തിച്ചുകൊണ്ടു ഞാനും "രമണി ലോഡ്ജി"ൽ നിന്നും ബീച്ചിലേക്കു നടന്നു.

ഇങ്ങനെ ഒരു ഭാഗ്യഹീനൻ തിരുവനന്തപുരത്തു പോയി പഠിക്കുന്നുണ്ട് എന്നൊന്നും വീട്ടുകാർക്ക് അത്ര വിചാരമില്ലെന്നു തോന്നുന്നു. അല്ലെങ്കിൽപിന്നെ, അത്യാവശ്യമാണ്, കത്തു കിട്ടിയാലുടൻ പണം അയയ്ക്കുവാൻ അപേക്ഷിച്ചുകൊള്ളുന്നു എന്നെല്ലാം പറഞ്ഞു കത്തയച്ചിട്ട് ഇന്നേക്ക് ഒരു മാസമായി. എന്നിട്ടും. എങ്ങനെയാണ് ഞാൻ കഴിഞ്ഞുകൂടുന്നതെന്ന് വീട്ടുകാർ ചിന്തിക്കുന്നതു പോലുമില്ല. പഠിക്കാനോ, വായിക്കാനോ, എഴുതാനോ ഒന്നും സാധിക്കുന്നില്ല. ഏതായാലും! ഇന്നെങ്കിലും രൂപാ വന്നതു് മഹാഭാഗ്യം! പക്ഷേ 90 രൂപാകൊണ്ട് എന്തു ചെയ്യാനാണ്? കടത്തിൽ മുങ്ങിയിരിക്കുന്നതിനാൽ ഒന്നു നിന്നു തിരിയണമെങ്കിൽ വേണമല്ലോ നൂറു രൂപാ. കൊടുക്കാനുള്ളവരിൽ ചിലർക്കു കൊടുത്തിട്ട് ലോഡ്ജിലേക്കു ഞാൻ തിരിച്ചു. കുറച്ചു രൂപായ്ക്കുകൂടി എഴുതണമെന്നുള്ളതാണു പ്ലാൻ. അതിനെന്താണു വഴി? ബോട്ടണിസ്റ്റുഡൻറല്ലേ. ഒരു നാല് 'എക്സ്കർഷൻ' പോകണമെന്നെഴുതിക്കളയാം.

